# ആരോഗ്യ കേരളം

AUGUST 2023

follow us on /arogyakeralam https://arogyakeralam.gov.in





## രാജ്യത്താദ്യമായി കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ സോഷ്യൽ ഓഡിറ്റ് നടത്തുന്ന സംസ്ഥാനമായി കേരളം



കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ സോഷ്യൽ ഓഡിറ്റിംഗിന്റെ സംസ്ഥാനതല ഉദ്ഘാടനം ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് നിർവ്വഹിക്കുന്നു.

പത്തനംതിട്ട: രാജ്യത്ത് ആദ്യമായാണ് ജനകീയ പങ്കാളിത്തത്തോടെ സാമൂഹ്യ വിലയിരുത്തലിന് (സോഷ്യൽ ഓഡിറ്റ്) ആരോഗ്യ വകുപ്പ് കേരളത്തിൽ തുടക്കമിടുന്നതെന്ന് ആരോഗ്യ, വനിതാ ശിശു വികസന വകുപ്പ് മന്ത്രി വീണാ ജോർജ് പറഞ്ഞു. സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ സോഷ്യൽ ഓഡിറ്റിന്റെ സംസ്ഥാനതല ഉദ്ഘാടനം ഇരവിപേരൂർ വള്ളംകുളത്ത് നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി.

ആരോഗ്യ മേഖലയിൽ നൽകുന്ന സേവനങ്ങൾ ജനങ്ങൾക്ക് ലഭിക്കുന്നത് സംബന്ധിച്ച് അറിയുന്നതിനായാണ് പഞ്ചായത്തുകളുടെ നേതൃത്വത്തിൽ സോഷ്യൽ ഓഡിറ്റ് നടപ്പാക്കുന്നത്. ജനക്ഷേമം ഉറപ്പാക്കുന്നതിന് സർക്കാർ ആവിഷ്കരിക്കുന്ന പദ്ധതികളും പരിപാടികളും ജനങ്ങൾക്ക് ലഭിക്കുന്നത് സംബന്ധിച്ചുള്ള വിലയിരുത്തൽ പ്രധാനപ്പെട്ടതാണ്. ജനങ്ങൾക്ക് ആരോഗ്യ സ്ഥാപനങ്ങളെ സംബന്ധിച്ച് ഉടനടി പരാതി നൽകുന്നതിന് ആശുപത്രിതലത്തിലും ജില്ലാ തലത്തിലും സംസ്ഥാനതലത്തിലും ഒരു സംവിധാനം ഉടൻ നടപ്പിലാക്കുമെന്നും മന്ത്രി പറഞ്ഞു.

ആരോഗ്യ മേഖലയിൽ നിന്ന് ലഭ്യമാകുന്ന സേവനങ്ങളെ സംബന്ധിച്ച് ജനങ്ങളുടെ യഥാർഥ വിലയിരുത്തലാണ് സോഷ്യൽ ഓഡിറ്റിംഗിലൂടെ ലക്ഷ്യം വയ്ക്കുന്നത്. പ്രാഥമിക ആരോഗ്യ സേവനം മെച്ചപ്പെട്ട നിലയിൽ ലഭിക്കുന്ന സംസ്ഥാനമാണ് കേരളം. ആരോഗ്യ മേഖലയിലെ സേവനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് ആശുപത്രികളും ആരോഗ്യ കേന്ദ്രങ്ങളും ജനസൗഹൃദവും രോഗി സൗഹൃദവും ആക്കുന്നതിനാണ് ആർദ്രം മിഷൻ സർക്കാർ ആവിഷ്കരിച്ചത്. ആരോഗ്യ കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യത്തിലുള്ള മാറ്റങ്ങൾക്കൊപ്പം ചികിത്സാ സൗകര്യം ലഭ്യമാക്കുന്നത് സംബന്ധിച്ച് മാനദണ്ഡവും ആർദ്രം മിഷന്റെ ഒന്നാം ഘട്ടത്തിൽ കൊണ്ടു വന്നു. ആർദ്രം മിഷനിലൂടെ 629 ആരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റി. രോഗികളോടുള്ള ഇടപെടലുകളിലും സേവനങ്ങളിലും ചികിത്സയിലും മാറ്റം ഉണ്ടായി. സ്പെഷ്യാലിറ്റി സേവനം താലൂക്ക് തലത്തിൽ ആരംഭിച്ചു.

11 ജില്ലകളിൽ കാത്ത് ലാബ് ആരംഭിച്ചു. രോഗി സൗഹൃദമാക്കുന്നതിനൊപ്പം സൗജന്യമായും മിതമായ നിരക്കിലും ചികിത്സ ജനങ്ങൾക്ക് ലഭ്യമാക്കി. സർക്കാർ മേഖലയിൽ നൂതനമായ ചികിത്സാ സൗകര്യങ്ങൾ കൊണ്ടുവരുന്നു. മലബാർ ക്യാൻസർ സെന്ററിലും തിരുവനന്തപുരം ക്യാൻസർ സെന്ററിലും റോബോട്ടിക് സർജറി ആരംഭിക്കും. 30 കോടി രൂപ മന്ത്രിസഭ ഇതിനായി അനുവദിച്ചു. രോഗികളുടെ വിവരം ഡിജിറ്റലായി രേഖപ്പെടുത്തുകയും ഈ വിവരങ്ങൾ ഇ ഹെൽത്ത് വഴി എല്ലാ ആശുപത്രികളുമായി ലിങ്ക് ചെയ്യുകയും ചെയ്യുമെന്നും മന്ത്രി പറഞ്ഞു. ചടങ്ങിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ഓമല്ലൂർ ശങ്കരൻ അധ്യക്ഷത വഹിച്ചു. ആന്റോ ആന്റണി എംപി മുഖ്യ അതിഥിയായി. ജില്ലാ പഞ്ചായത്ത് അംഗം ജിജി മാത്യു, കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ.കെ. വത്സല, കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് അംഗം എൽസ തോമസ്, ഇരവിപേരൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ. ബി. ശശിധരൻ പിള്ള, വൈസ് പ്രസിഡന്റ് സാലി ജേക്കബ്, ഗ്രാമപഞ്ചായത്ത് അംഗങ്ങളായ അമിതാ രാജേഷ്, ആർ. ജയശ്രീ, ജിൻസൺ വർഗീസ്, സ്റ്റേറ്റ് ഹെൽത്ത് സിസ്റ്റം റിസോഴ്സ് സെന്റർ ഡയറക്ടർ ഡോ. വി. ജിതേഷ്, ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) ഡോ. എൽ. അനിതകുമാരി, ആരോഗ്യ കേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ. എസ്. ശ്രീകുമാർ, രാഷ്ട്രീയ സാമൂഹിക സാംസ്കാരിക പ്രവർത്തകർ, പൊതുജനങ്ങൾ തുടങ്ങിയവർ പങ്കെടുത്തു.

കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ ഇതുവരെയുള്ള പ്രവർത്തനങ്ങൾ അവലോകനം ചെയ്ത്, നേട്ടങ്ങളും കോട്ടങ്ങളും വിലയിരുത്തി മറ്റു കേന്ദ്രങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിനും, സേവനങ്ങൾ കൂടുതൽ മികവുറ്റതാക്കുന്നതിനുമാണ് സോഷ്യൽ ഓഡിറ്റ് സംഘടിപ്പിക്കുന്നത്. എംജിഎൻആർഇജിഎയുടെ സോഷ്യൽ ഓഡിറ്റ് യൂണിറ്റുമായി ചേർന്ന് തിരഞ്ഞെടുക്കപ്പെട്ട കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ആദ്യഘട്ടം എന്ന നിലയിൽ സോഷ്യൽ ഓഡിറ്റ് ആറ് ജില്ലകളിൽ നടപ്പാക്കും. തുടർന്ന് മറ്റു കേന്ദ്രങ്ങളിലേക്കും വ്യാപിപ്പിക്കും.

## ജനസംഖ്യാ ദിനാചരണം സംഘടിപ്പിച്ചു




തിരുവനന്തപുരം: ജനസംഖ്യാ സ്ഥിരത കൈവരിക്കുന്നതിനോടൊപ്പം അമ്മയുടെയും കുഞ്ഞിന്റെയും ആരോഗ്യം നിർണ്ണയിക്കുന്ന ഘടകങ്ങളായ വിവാഹ പ്രായം, ഗർഭധാരണം, കുഞ്ഞുങ്ങളുടെ ജനനം തമ്മിലുള്ള ഇടവേള എന്നിവയ്ക്കു കൂടി പ്രാമുഖ്യം നൽകുക എന്ന സന്ദേശം പകർന്നു നൽകിക്കൊണ്ട് സംസ്ഥാനതല ലോക ജനസംഖ്യാ ദിനാചരണപരിപാടി തിരുവനന്തപുരം ഗവ. ലോ കോളേജിൽ വച്ചു നടന്നു. 'സ്വാതന്ത്ര്യത്തിന്റെ അമൃത മഹോത്സവ വേളയിൽ സന്തോഷത്തിനു സമൃദ്ധിക്കുമായി കുടുംബാസൂത്രണം സ്വീകരിക്കൂ' എന്നതാണ് ഇത്തവണത്തെ ദിനാചരണ സന്ദേശം. ലോ കോളേജിലെ പൂർവ്വ വിദ്യാർത്ഥി കൂടിയായ വട്ടിയൂർകാവ് എം.എൽ.എ. അഡ്വ. വി.കെ. പ്രശാന്താണ് പരിപാടിയുടെ ഉദ്ഘാടനം നിർവ്വഹിച്ചത്.

1989 ൽ ഐക്യരാഷ്ട്ര വികസന പദ്ധതിയുടെ ഭരണസമിതിയാണ് ലോക ജനസംഖ്യാ ദിനം ആചരിച്ചു തുടങ്ങിയത്. ജനസംഖ്യാ വളർച്ചയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുകയെന്നതായിരുന്നു അന്നതിന്റെ പ്രഥമമായ ലക്ഷ്യം. തൊണ്ണൂറുകളായപ്പോഴേക്കും 90 ൽ അധികം രാജ്യങ്ങളിൽ ജൂലൈ 11 ജനസംഖ്യാ ദിനമായി ആചരിച്ചുതുടങ്ങി. മൂന്ന് ദശാബ്ദങ്ങൾക്കിപ്പുറം ലോകരാജ്യങ്ങളെല്ലാം സമുചിതമായി ജനസംഖ്യാ ദിനം ആചരിക്കുന്ന ഈ കാലത്ത് സ്ത്രീകളുടെയും കുട്ടികളുടെയും ആരോഗ്യവും കുടുംബക്ഷേമവും സമൂഹത്തിന്റെ പൊതുവായ ആരോഗ്യ സംരക്ഷണവുമെല്ലാം ജനസംഖ്യാ നിയന്ത്രണവുമായി ബന്ധപ്പെട്ട് ശ്രദ്ധ അർഹിക്കുന്ന വിഷയങ്ങളാകുന്നു. ദിനാചരണത്തിന്റെ ചരിത്രവും പ്രസക്തിയും അടക്കമുള്ള വിഷയങ്ങളെപ്പറ്റി ഉദ്ഘാടന പ്രാസംഗികനും മറ്റ് വിശിഷ്ടാതികളും പരാമർശിക്കുകയുണ്ടായി. ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ ഡോ.വി മീനാക്ഷി, കുന്നുകുഴി വാർഡ് കൗൺസിലർ ശ്രീമതി മേരീ പുഷ്പം, എൻ.എച്ച്.എം ജില്ലാ പ്രോഗ്രാം മാനേജർ ആശാ വിജയൻ എന്നിവർ മുഖ്യാതിഥികളായി പങ്കെടുത്ത ചടങ്ങിൽ ബഹു. ആരോഗ്യവും വനിതാ ശിശു വികസനവും വകുപ്പ് മന്ത്രി ശ്രീമതി വീണാ ജോർജിന്റെ വീഡിയോ സന്ദേശവും പ്രദർശിപ്പിച്ചു. നിയമാവബോധമുളള വിദ്യാർത്ഥിസമൂഹത്തിനു മുന്നിൽ ആരോഗ്യത്തിനായുളള സ്ത്രീയുടെ അവകാശത്തെപ്പറ്റി സന്ദേശം കൂടി നൽകുന്നു ഈ ദിനാചരണം സംഘടിപ്പിച്ചതിൽ ലോ കോളേജ് പ്രിൻസിപ്പൽ ഡോ. മീനാകുമാരി എസ് അനുമോദനം രേഖപ്പെടുത്തി. തുടർന്ന് വിദ്യാർത്ഥികൾക്കായി പ്രത്യേക ബോധവത്കരണ ക്ളാസും സംഘടിപ്പിച്ചു. ദിനാചരണത്തിന്റെ ഭാഗമായി വിവിധ ജില്ലകളിലും അവബോധ പരിപാടികളും സംഘടിപ്പിച്ചിരുന്നു.


## ഒരു ജീവിതം ഒരു കരൾ – ഓർമ്മപ്പെടുത്തലുമായി ലോക വൈറൽ ഹെപ്പറ്റൈറ്റിസ് ദിനം



തിരുവനന്തപുരം: ലോക വൈറൽ ഹെപ്പറ്റൈറ്റിസ് സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം ഗവൺമെന്റ് ആർട്സ് കോളേജിൽ ഗതാഗത വകുപ്പ് മന്ത്രി ആന്റണി രാജു നിർവഹിച്ചു. ഹെപ്പറ്റൈറ്റിസിനെക്കുറിച്ചുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തി പൊതുജനങ്ങളിൽ മതിയായ അവബോധം ഉണ്ടാക്കിയെടുക്കുക എന്നതാണ് ദിനാചരണത്തിന്റെ ഭാഗമായി ലക്ഷ്യം വെക്കുന്നത്.

കരൾ ഓരോ ദിവസവും നിശബ്ദമായി അഞ്ഞൂറിലധികം സുപ്രധാന പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. വൈറൽ ഹെപ്പറ്റൈറ്റിസ് കരളിനെ ബാധിച്ചു കഴിഞ്ഞാൽ പലപ്പോഴും രോഗം മൂർച്ഛിച്ചതിനു ശേഷം മാത്രമാണ് ലക്ഷണങ്ങൾ പ്രത്യക്ഷപ്പെടുന്നത്. ഹെപ്പറ്റൈറ്റിസ് എ മുതൽ ഇ വരെ പലതരത്തിലുള്ള വൈറസുകൾ ഉണ്ടെങ്കിലും ഹെപ്പറ്റൈറ്റിസ് ബി,സി എന്നിവക്കെതിരെ കൂടുതൽ ജാഗ്രത പുലർത്തേണ്ടതുണ്ട്. ഓരോ വർഷവും ഒരു ദശലക്ഷത്തിലധികം മരണങ്ങളും ഓരോ പത്ത് സെക്കന്റിലും ഒരാൾക്ക് വിട്ടുമാറാത്ത അണുബാധയും ഉണ്ടാകുന്നു. അതിനാൽ തന്നെ കരളിന്റെ ആരോഗ്യം മനുഷ്യന്റെ ആരോഗ്യം നിലനിർത്തുന്നതിൽ അവിഭാജ്യഘടകമാണ് .

വൈറസ് ബാധ മൂലം കരളിനുണ്ടാകുന്ന ഹെപ്പറ്റൈറ്റിസ് രോഗം ഫലപ്രദമായി ചികിൽസിക്കാനും പ്രതിരോധിക്കാനുമാകും ഇത് വഴിയുണ്ടാകുന്ന മരണങ്ങളും തടയാൻ സാധിയ്ക്കും.




# ഹൃദ്യം പദ്ധതിയിലൂടെ ഇതുവരെ 6,204 കുട്ടികൾക്ക് ഹൃദയശസ്ത്രക്രിയ നടത്തി: മന്ത്രി വീണാ ജോർജ്



ഹൃദ്യം ഗുണഭോക്തൃ സംഗമത്തിൽ കുട്ടികളോടും രക്ഷിതാക്കളോടുമൊപ്പം ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്

പത്തനംതിട്ട: ഹൃദ്യം പദ്ധതിയിലൂടെ ഇതുവരെ 6204 കുട്ടികൾക്ക് ഹൃദയശസ്ത്രക്രിയ നടത്തിയിട്ടുണ്ടെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് പറഞ്ഞു. പത്തനംതിട്ട ജില്ലയിലെ ഹൃദ്യം പദ്ധതി ഗുണഭോക്താക്കളായ കുട്ടികളുടെയും രക്ഷകർത്താക്കളുടെയും സംഗമ പരിപാടിയായ 'ഹൃദയമാണ് ഹൃദ്യം' കോഴഞ്ചേരി സെന്റ് തോമസ് മാർത്തോമ്മ ചർച്ച് ഓഡിറ്റോറിയത്തിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി. സംസ്ഥാനത്ത് ആകെ 18,259 പേരാണ് ഹൃദ്യം പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. അവയിൽ 6,204 സർജറികൾ നടന്നു കഴിഞ്ഞു. ജില്ലയിൽ 561 കുട്ടികളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. 149 പേർക്ക് ഇതുവരെ സർജറി ചെയ്തു കഴിഞ്ഞു. സംസ്ഥാന സർക്കാരിന്റെ ഏറ്റവും പ്രധാനപ്പെട്ട പദ്ധതികളിൽ ഒന്നാണ് ഹൃദ്യം. ജന്മനാ ഹൃദ്രോഗമുള്ള കുട്ടികളുടെ അതിജീവന നിരക്ക് മെച്ചപ്പെടുത്തുന്നതിൽ വലിയ പങ്കാണ് ഹൃദ്യം പദ്ധതി നിർവഹിക്കുന്നത്. ഒരു കുട്ടിയേയും സർക്കാർ കൈവിടില്ല. പദ്ധതി കൂടുതൽ ആശുപത്രിയിലേക്ക് എം പാനൽ ചെയ്യും. ഒരു കുട്ടി പോലും ചികിത്സ കിട്ടാതെ വിഷമിക്കുന്നില്ലെന്ന് ഉറപ്പാക്കും. എല്ലാ കുട്ടികൾക്കും അവരുടെ സാമൂഹിക - സാമ്പത്തിക പശ്ചാത്തലം പരിഗണിക്കാതെ ഗുണനിലവാരമുള്ള ആരോഗ്യ സംരക്ഷണത്തിന് തുല്യമായ അവസരം ലഭ്യമാക്കുകയാണ് ലക്ഷ്യം. സർജറികൾക്കു ശേഷമുള്ള ഒരു വർഷത്തെ മരുന്നുകളും സർക്കാർ സൗജന്യമായി നൽകും. ഈ വർഷം മുതൽ സ്കൂളുകളിൽ വാർഷികാരോഗ്യ പരിശോധന നടപ്പാക്കും. ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങളുടെ ഇടപെടൽ മികച്ചതാണെന്നും മന്ത്രി പറഞ്ഞു.

ജന്മനാ ഹൃദയ വൈകല്യമുള്ള 18 വയസ് വരെയുള്ള കുട്ടികൾക്കായി 2017 - ൽ ആരംഭിച്ച കേരള സർക്കാരിന്റെ സൗജന്യ ഹൃദയ ശസ്ത്രക്രിയാ പദ്ധതിയാണ് ഹൃദ്യം. പരിപാടിയിൽ പങ്കെടുത്ത കുട്ടികൾക്ക് മന്ത്രി സ്നേഹോപഹാരങ്ങൾ കൈമാറി.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ഓമല്ലൂർ ശങ്കരൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ പത്തനംതിട്ട ജില്ലാ കളക്ടർ ഡോ. ദിവ്യ എസ് അയ്യർ, സ്റ്റേറ്റ് നോഡൽ ഓഫീസർ- ചൈൽഡ് ഹെൽത്ത് ഡോ. യു.ആർ. രാഹുൽ, ജില്ലാ പഞ്ചായത്ത് അംഗങ്ങളായ ആർ. അജയകുമാർ, സാറാ തോമസ്, കോഴഞ്ചേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് റോയിഫിലിപ്പ്, ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് അംഗം സാറാമ്മ ഷാജൻ, ഗ്രാമപഞ്ചായത്ത് വാർഡ് മെമ്പർ ഗീതു മുരളി, ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം)ഡോ. എൽ. അനിതകുമാരി, ആരോഗ്യ കേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ. എസ്. ശ്രീകുമാർ, ആർ.സി. എച്ച് ഓഫീസർ ഡോ. കെ.കെ. ശ്യാംകുമാർ, ആർദ്രം നോഡൽ ഓഫീസർ ഡോ. അംജിത്ത് രാജീവൻ, ജൂനിയർ അഡ്മിനിസ്ട്രേറ്റീവ് മെഡിക്കൽ ഓഫീസർ ഡോ.എസ്. സേതുലക്ഷ്മി, ജില്ലാ എജ്യൂക്കേഷൻ ആൻഡ് മാസ് മീഡിയ ഓഫീസർ(ആരോഗ്യം) ടി.കെ. അശോക് കുമാർ, ഡി.ഇ.ഐ.സി. മാനേജർ അർച്ചന സഹജൻ, ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.






# മാരി തെയ്യങ്ങൾ

**കീച്ചേരി രാഘവൻ**
മുൻ സെക്രട്ടറി
കേരള ഫോക് ലോർ അക്കാദമി

**ഉത്തര കേരളത്തിലെ** പ്രത്യേകിച്ചും കണ്ണൂർ കാസർകോഡ് ജില്ലകളിലെ ആരാധനാ രൂപവും അനുഷ്ഠാന കലയുമാണ് തെയ്യം. സർവവ്യാധിക്കുള്ളിൽ നിന്നും ഭക്തരെ സംരക്ഷിച്ചുനിർത്തി അവർക്ക് ഐശ്വര്യ പൂർണ്ണമായ ഒരു ജീവിതം നൽകുക എന്നതാണ് തെയ്യങ്ങളുടെ ചുമതലയായി കണക്കാക്കപ്പെടുന്നത്. ഭക്തർ നിവേദ്യം പട്ടുവസ്ത്രം, പണം എന്നിവയെല്ലാം നൽകി തെയ്യങ്ങളെ സന്തോഷിപ്പിക്കുകയും ചെയ്യുന്നു. പൊതുവിൽ തെയ്യങ്ങളുടെ ചുമതലയാണ് മേൽ പറഞ്ഞതെങ്കിലും കർക്കടമാസം പ്രത്യേകമായി പടർന്നു പിടിക്കുന്ന പകർച്ചപ്പനി, കരുവൻ (പൊട്ടി) ചിക്കൻ പോക്സ് തുടങ്ങിയ രോഗങ്ങളെ പ്രതിരോധിക്കാനും അത്തരം രോഗങ്ങൾ പകരുന്നത് തടയാനും വേണ്ടി ചില പ്രത്യേക തെയ്യങ്ങളെ കെട്ടിയാടിക്കാറുണ്ട്. മാരി തെയ്യങ്ങൾ എന്നാണ് അവ അറിയപ്പെടുന്നത്.

മതിയായ രീതിയിലുള്ള അലോപ്പതി ചികിത്സകളൊന്നും വികസിച്ചുവന്നിട്ടില്ലാത്ത കാലത്ത് ജനങ്ങളുടെ മനോനില ശക്തിപ്പെടുത്തുവാനും വേണ്ടി ആയിരിക്കണം ഇത്തരം തെയ്യങ്ങൾ കെട്ടിയാടിയിരുന്നത്. ദൃഢതയും രോഗത്തിന് ശമനമുണ്ടാകും എന്ന വിശ്വാസമുള്ള ഒരു മനസ്സ് സ്വാഭാവികമായും രോഗങ്ങളെ പ്രതിരോധിക്കും. ഇനി അതിനുസാധിച്ചില്ലെങ്കിൽ രോഗങ്ങളുടെ കാഠിന്യം കുറയ്ക്കുകയെങ്കിലും ചെയ്യും എന്ന ചിന്തയായിരിക്കാം പണ്ട് കാലത്ത് ഇത്തരം തെയ്യങ്ങൾ കെട്ടിയാടാനുള്ള കാരണം.

കർക്കിടകമാസത്തിൽ പ്രത്യേകമായി കെട്ടിയൊരുങ്ങി വീടുകൾ സന്ദർശിക്കുന്ന ചില തെയ്യങ്ങളെ നമുക്ക് ഇവിടെ പരിചയപ്പെടാം

### ആടിയും വേടനും

ശ്രീ പാർവ്വതിയും പരമശിവനും ചെറുതെയ്യരൂപത്തിൽ വീടുകൾ സന്ദർശിച്ച് ഒഴിയാബാധകളെ ഒഴിപ്പിക്കുന്നു എന്നാണ് കണക്കാക്കി വരുന്നത്. കർക്കിടകം ഏഴ്, കർക്കിടകം പതിനാറ് എന്നിവ ഇതിനു നിശ്ചയിക്കപ്പെട്ട തീയതികളാണ്. ചെറിയ കുട്ടികളാണ് ഈ തെയ്യരൂപം കെട്ടിയാടുന്നത്. മുതിർന്നവർ കൂടെ പോവുകയും കുട്ടിപാടുകയും ചെയ്യും. ശ്രീ പരമേശ്വരൻ വേടരൂപത്തിൽ അവതരിച്ച് അർജുനനുമായി യുദ്ധം ചെയ്യുന്നതായി ചിത്രീകരിക്കുന്ന ഒരു വേടൻ പാട്ടാണ് പാടുന്നത്. പാട്ടിന്റെ അവസാനഭാഗമെത്തുമ്പോൾ വീട്ടമ്മ ഗുരുസി കലക്കി ഉഴിച്ചിൽ നടത്തി വീടിന്റെ ഒരു വശത്ത് ഒഴുക്കി കളയുന്നു. വീട്ടിനുള്ളിലെ സർവ്വ ബാധയും അതോടെ ഒഴിവായതായി കണക്കാക്കുന്നു. ഇന്നും വടക്കൻ മലബാറിൽ പലയിടങ്ങളിലും ആടിയും വേടനും തെയ്യരൂപം കെട്ടിയാടി വരുന്നുണ്ട്.

### മാരിതെയ്യങ്ങൾ

കർക്കിടകം പതിനാറാം തീയ്യതി പുലയ സമുദായക്കാർ മാടായിക്കാവിനു മുമ്പിൽ കെട്ടിയാടുന്ന ദേവഗണങ്ങളാണ് മാരിതെയ്യങ്ങൾ. കലയൻ, കലിച്ചിമാരി ഗുളികൻ എന്നിങ്ങനെയുള്ള തെയ്യങ്ങളാണ് കെട്ടിയാടുന്നത്. ഈ തെയ്യങ്ങളും കണ്ണൂർ ജില്ലയിലെ മാടായി പ്രദേശങ്ങളിലെ വീടുകളിലെത്തി ബാധകളെ ഒഴിപ്പിക്കാറുണ്ട്. മരുന്നുകളെ ആശ്രയിക്കാനില്ലാത്ത ഒരു കാലത്ത് മരുന്നാണ് മനോശക്തി പ്രദാനം ചെയ്യുന്ന ഇത്തരം മാരിതെയ്യങ്ങൾ. കർക്കിടകമാസം പ്രത്യേകമായി പുറപ്പെടുന്നതല്ലെങ്കിലും പ്രധാന തെയ്യങ്ങളായ പുതിയ ഭഗവതി കണ്ഠാ കർണ്ണൻ എന്നീ തെയ്യങ്ങൾ വസൂരി തടവിയും കനകപ്പെടി വാരിയെറിഞ്ഞും സുഖപ്പെടുത്തുന്ന തെയ്യങ്ങളായാണ് പൂർവ്വികർ കണക്കാക്കി വരുന്നത്. അതുകൊണ്ടുതന്നെ പുതിയ ഭഗവതിയെ ഏറ്റവും വലിയ രോഗരക്ഷകിയായും കണ്ഠാകർണ്ണനെ രക്ഷകനായും അന്നത്തെ സമൂഹം കണക്കാക്കുന്നു. ഇന്നും ഈ തെയ്യങ്ങൾക്ക് മലബാറിലെ ജനങ്ങളിൽ വലിയസ്വാധീനമുണ്ട്.

ധർമ്മടം അണ്ടലൂർ കാവിലെ തൂവക്കാളി എന്ന തെയ്യം തൂവക്കാളിപോലുള്ള പകർച്ച വ്യാധികളെ സുഖപ്പെടുത്തുന്ന തെയ്യമായാണ് കണക്കാക്കുന്നത്.

### ശ്രീകുരുമ്പയും വസൂരിമാലയും

ശ്രീ കുരുമ്പക്ക് തെയ്യക്കോലമില്ല. എന്നാൽ തെയ്യങ്ങളുടെ ഗണത്തിൽ പെടുന്നതാണ് കുരുമ്പ. ശ്രീ കുറുമ്പയുടെ നിരവധി ആരാധനാലയങ്ങൾ കണ്ണൂർ ജില്ലയിലെ തീരപ്രദേശത്ത് കാണുവാൻ കഴിയും. അതുപോലെ മറ്റൊരു ദേവതയായ വസൂരിമാലയും ആരാധിക്കപ്പെടുന്നുണ്ട്. രോഗ പകർച്ച ഉത്തരവാദികളായ ദേവതകളാണെങ്കിലും അവരെ പ്രീതിപ്പെടുത്തിയാൽ അവർ ഇത്തരം രോഗങ്ങളിൽ നിന്നും മറ്റ് നാനാരോഗങ്ങളിൽ നിന്നും സംരക്ഷണം നൽകും എന്നും ജനങ്ങൾ കരുതുന്നു. പ്രതിരോധമരുന്ന് ഇല്ലാത്ത ഒരു കാലത്ത് മനോശക്തികൊണ്ടും അകലം പാലിക്കച്ചുകൊണ്ടുമാണ് ജനങ്ങൾ രോഗത്തെ നേരിട്ടത്. ജനങ്ങളുടെ മനോ ബലം ഉയർത്താൻ രോഗ ദേവതകളും മറ്റ് തെയ്യങ്ങളും വലിയ പങ്ക് വഹിച്ചിട്ടുണ്ട്.

ഇന്നത്തെ കാലത്ത് പകർച്ച വ്യാധികളെ നിയന്ത്രിക്കാനും ജനങ്ങൾക്ക് സംരക്ഷണം നൽകുവാനും കഠിന രോഗങ്ങളെ നിന്നുപോലും സാധാരണക്കാരെയടക്കം രക്ഷിക്കാനും ഉതകുംവിധം ആരോഗ്യരംഗം വളർന്ന് വികസിച്ചിരിക്കുന്നു. കർക്കിടകമാസം പഴയകാലങ്ങളിലേതുപോലുള്ള ആധിയും വ്യാധിയും ഇക്കാലത്ത് നിലനിൽക്കുന്നുമില്ല. എങ്കിലും ആചാരപരമായി ഇത്തരം തെയ്യങ്ങൾ നിലനിൽക്കുന്നുണ്ട്. നമ്മുടെ സമൂഹം ഏതൊക്കെ ദുർഘട വഴികളിലൂടെയാണ് നടന്നു വന്നതെന്നും അന്നത്തെ കാലത്തുപോലും രോഗപ്രതിരോധത്തിന്റെ പ്രാധാന്യം ജനങ്ങൾ ഉൾക്കൊണ്ടിരുന്നു എന്നും മനസിലാക്കാൻ ഈ തെയ്യങ്ങളും അവയുടെ ഐതീഹ്യങ്ങളും ഉപകരിക്കും

# ക്വിയർ സൗഹൃദ ആരോഗ്യ സ്ഥാപനങ്ങളിലേക്കുള്ള ആദ്യപടി

## പ്രത്യേക ശിൽപശാലയൊരുക്കി ആരോഗ്യവകുപ്പ്

***ആരോഗ്യ രംഗത്തെ സമസ്ത മേഖലകളും ക്വിയർ സൗഹൃദമാക്കുന്നതിനായി കഴിഞ്ഞ വർഷം ആരോഗ്യവകുപ്പ് ഇടം ബോധവൽക്കരണ ക്യാമ്പയിൻ ആരംഭിച്ചിരുന്നു. ഇതിന്റെ തുടർച്ചയായാണ് ക്വിയർ സൗഹൃദ ആരോഗ്യ സ്ഥാപനങ്ങൾ ഒരുങ്ങുന്നത്.***

തിരുവനന്തപുരം: സംസ്ഥാനത്തെ ആരോഗ്യ സ്ഥാപനങ്ങൾ ക്വിയർ സൗഹൃദമാക്കുന്ന നടപടികളുടെ ഭാഗമായി പ്രത്യേക ശിൽപശാലയൊരുക്കി ആരോഗ്യ വകുപ്പ്. ട്രാൻസ്ജെൻഡർ ഉൾപ്പെടെയുള്ള എല്ലാ ക്വിയർ വിഭാഗങ്ങൾക്കും ആരോഗ്യ സേവനങ്ങൾ ഉറപ്പുവരുത്തുക, എല്ലാവരെയും പൊതു ആരോഗ്യ സംവിധാനത്തിന്റെ ഭാഗമാക്കുക എന്നീ ലക്ഷ്യങ്ങളിലേക്കുള്ള ആരോഗ്യവകുപ്പിന്റെ ശ്രമങ്ങൾക്ക് ഉർജ്ജവും ദിശാബോധവും നൽകുക എന്നതായിരുന്നു ജൂലൈ 25,26 ദിവസങ്ങളിൽ നടന്ന ദ്വിദിന ശിൽപ്പശാലയുടെ ലക്ഷ്യം

ക്വിയർ സൗഹൃദ ആരോഗ്യ സ്ഥാപനങ്ങൾ ഒരുക്കുന്നതിന്റെ ആദ്യ ചുവടായി തിരുവനന്തപുരം, എറണാകുളം, തൃശൂർ,കോഴിക്കോട് ജില്ലകളിലെ ട്രാൻസ്ജെൻഡർ വിഭാഗത്തിൽ നിന്നും ലിങ്ക് വർക്കർമാരെ തെരഞ്ഞെടുത്തിരുന്നു. ഇവർക്ക് ജോലി സംബന്ധമായും ആരോഗ്യവകുപ്പിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും ആവശ്യമായ ട്രെയിനിങ് ഉൾപ്പെടെ നേരത്തെ തന്നെ പൂർത്തീകരിച്ചിരുന്നു. ഇതിന്റെ രണ്ടാം ഘട്ടമായി തിരുവനന്തപുരം, എറണാകുളം, തൃശൂർ, കോഴിക്കോട് ജില്ലകളിലെ ട്രാൻസ് ജെൻഡർ ലിങ്ക് പ്രവർത്തകർ, ജില്ലാ ജനറൽ ആശുപത്രികളിലെ സുപ്രണ്ടുമാർ, സൈക്യാട്രിക് വിഭാഗം ഡോക്ടർമാർ, ആർസിഎച്ച് ഉദ്യോഗസ്ഥർ, ഭൂമിക കോർഡിനേറ്റർ, ആശാ കോർഡിനേറ്റർ, ജില്ലാ ഡോക്യുമെന്റേഷൻ കൺസൾട്ടന്റ്, ആശുപത്രി പബ്ലിക് റിലേഷൻ ഓഫീസർ തുടങ്ങി



# തുറവൂർ താലൂക്ക് ആശുപത്രിയിൽ മാതൃയാനം പദ്ധതിക്ക് തുടക്കം



തുറവൂർ താലൂക്ക് ആശുപത്രിയിൽ മാതൃയാനം പദ്ധതി ദലീമ ജോജോ എം എൽ എ ഫ്ളാഗ് ഓഫ് ചെയ്യുന്നു

ആലപ്പുഴ : പ്രസവ ശസ്ത്രക്രിയ കഴിഞ്ഞ അമ്മയേയും കുഞ്ഞിനെയും സുരക്ഷിതമായും സൗജന്യമായും സ്വഭവനങ്ങളിൽ എത്തിക്കുന്ന 'മാതൃയാനം' പദ്ധതിക്ക് ജില്ലയിൽ ആദ്യമായി തുറവൂർ താലൂക് ആശുപത്രിയിൽ തുടക്കം. ദലീമ ജോജോ എം. എൽ. എ പദ്ധതിയുടെ ഉദ്ഘാടനവും താലൂക്ക് ആശുപത്രിയിൽ പ്രസവിച്ച അരൂർ സ്വദേശിയായ യുവതിയെ പദ്ധതിയുടെ ഭാഗമായി വീട്ടിലേക്ക് എത്തിക്കുന്ന വാഹനത്തിന്റെ ഫ്ലാഗ് ഓഫ് കർമ്മവും നിർവഹിച്ചു. തുറവൂർ താലൂക്ക് ആശുപത്രിയിലേക്ക് പ്രസവത്തിനായി എത്തുന്ന നിരവധി പാവപ്പെട്ടവർക്കും ദൂരദേശ നിവാസികൾക്കും ഈ പദ്ധതി ഏറെ സഹായകരമാകുമെന്ന് എം.എൽ.എ പറഞ്ഞു.

നാഷണൽ ഹെൽത്ത് മിഷന്റെ ഭാഗമായി സംസ്ഥാന സർക്കാർ നടപ്പാക്കുന്ന 'അമ്മയും കുഞ്ഞും' പദ്ധതിയുടെ തുടർച്ചയാണ് 'മാതൃയാനം' പദ്ധതി. ഇതുവഴി നവജാത ശിശുവിനേയും അമ്മയേയും എത്ര ദൂരെയുള്ള വീട്ടിലും സുഖമായി ടാക്സി കാറിൽ എത്തിക്കും. മുൻപ് യാത്ര ചെലവായി 500 രൂപയായിരുന്നു പദ്ധതിയുടെ ഭാഗമായി നൽകിയിരുന്നത്. ദൂരയാത്ര വേണ്ടി വരുന്നവർക്ക് ഈ തുക മതിയാവില്ലെന്ന് കണ്ടെത്തിയതോടെയാണ് പണം നൽകുന്നത് നിർത്തി ടാക്സി ഏർപ്പാടാക്കുന്ന പദ്ധതി നടപ്പാക്കിയത്.


തുറവൂർ താലൂക്ക് ആശുപത്രിയിൽ നടന്ന ചടങ്ങിൽ പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഗീത ഷാജി അധ്യക്ഷത വഹിച്ചു. ജില്ലാ മെഡിക്കൽ ഓഫീസർ ജമുന വർഗീസ്, പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ആർ ജീവൻ, ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളായ വി. കെ സാബു, എ. യു അനീഷ്, താലൂക്ക് ആശുപത്രി മെഡിക്കൽ ഓഫീസർ ആർ. റൂബി, ഡോ. അനീഷ് കെ എസ് ജനകീയ ആരോഗ്യ കേന്ദ്രം നോഡൽ ഓഫീസർ, ജനപ്രതിനിധികൾ ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# ഒരു നിയോഗം പോലെയവരെത്തി മാത്യൂസിനു ജീവിതം തിരികെ നൽകാനായി



FACE 2 FACE KOORACHUNDU
ഫെയ്സ് 2 ഫെയ്സ് കൂരാച്ചുണ്ട്
Jaleel Koorachund Kunnumpurath · 2h ·

കൂരാച്ചുണ്ടു ഗവണ്മെന്റ് ആശുപത്രിയിലെ ജെ എച് ഐ ജോൺസണും ആശാവർക്കർമാരായ ജിൻസി ഓമനരവീന്ദ്രൻ ഷീബ ഷാജി എന്നിവർ ഇന്ന് nനടത്തിയ മനുഷ്യത്വപരമായ ഇടപെടലിലൂടെ ഒരു ജീവൻ തിരിച്ചു കിട്ടി പരിസര ശുചിത്വത്തെ കുറിച്ച് ബോധവത്കരിക്കാൻ വീടുകൾ കയറി ഇറങ്ങുമ്പോൾ രോഗിയായ മനുഷ്യൻ ഉള്ള വീട്ടിൽ നിന്ന് പുക ഉയരുന്നത് കണ്ടു ഓടിച്ചെന്നു ആ മനുഷ്യനെ താങ്ങി പിടിച്ചു പുറത്തെത്തിച്ചു പോലീസിനെയും ഫയർഫോഴ്സിനെയും വിവരം അറിയിച്ചു അവരുടെ സഹായത്തോടെ തീ അണച്ചു കാര്യങ്ങൾ നല്ല രീതിയിൽ കൈകാര്യം ചെയ്ത പോലീസിനും എല്ലാവർക്കും ഹൃദയഭിവാദ്യങ്ങൾ ❤❤❤നന്മകൾ



കോഴിക്കോട്: കോഴിക്കോട് നിന്നും 40 കിലോമീറ്റർ വടക്കുകിഴക്കായി വയനാടൻ മലനിരകൾക്കടുത്തുള്ള ഒരു ഗ്രാമമാണ് കൂരാച്ചുണ്ട്.സാധാരണയായി ഈർപ്പമുള്ള കാലാവസ്ഥയാണ് കൂരാച്ചുണ്ടിലേത്. കടുത്ത വേനൽക്കാലത്ത് പോലും അമിതമായ ചൂട് അനുഭവപ്പെടുന്നില്ല. ആയതിനാൽ ഈ പ്രദേശത്ത് ഡെങ്കിപ്പനി വ്യാപകമായിരുന്നു. ഡെങ്കിപ്പനി പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി കൂരാച്ചുണ്ട് പഞ്ചായത്തിലെ ഒന്നാം വാർഡ് ഭാഗത്ത് ഫീൽഡ് സന്ദർശനത്തിലായിരുന്നുജെ.എച്ച്. എ ജോൺസൺ ജോസഫിന്റെ നേതൃത്വത്തിലുള്ള ആരോഗ്യപ്രവർത്തകർ.

കൂരാപ്പള്ളി കെ ജെ മാത്യുവിന്റെ വീട്ടിൽ അദ്ദേഹത്തിന്റെ ആരോഗ്യനില മനസ്സിലാക്കുകയായിരുന്നു പ്രവർത്തകർ. പക്ഷാഘാതം വന്നതിനെ തുടർന്ന് നടക്കാൻ ബുദ്ധിമുട്ടുള്ള മാത്യു ഈ സമയം വരാന്തയിൽ ഒറ്റക്ക് ഇരിക്കുകയായിരുന്നു. മാത്യുവിന്റെ ഭാര്യ തൊഴിലുറപ്പ് ജീവനക്കാരി ആയതിനാൽ ആ സമയം വീട്ടിൽ ഉണ്ടായിരുന്നില്ല. പ്രതിരോധ പ്രവർത്തനത്തിന് ശേഷം അടുത്ത വീട് സന്ദർശിക്കാൻ പോവുകയായിരുന്നു പ്രവർത്തകർ. ഈ സമയം വീടിനുള്ളിൽ പ്ലാസ്റ്റിക് കത്തിയത് പോലെ മണം വരുന്നുണ്ടെന്ന് ജോൺസൺ സാർ പറയുന്നുണ്ടായിരുന്നു. മാത്യുവുമായി കാര്യങ്ങൾ മനസ്സിലാക്കി ഒന്നുമില്ലെന്ന് മറുപടി കേട്ട ശേഷമാണ് പ്രവർത്തകർ അടുത്ത വീട്ടിലേക്ക് നടന്നു നീങ്ങിയത്. ശേഷം വീട്ടിൽ നിന്നും

> ഓടിട്ട വീട്
> ആയതിനാൽ തന്നെ തീ
> പടരാനുള്ള സാധ്യത വളരെ
> കൂടുതലായിരുന്നു.

പുക വരുന്നത് ശ്രദ്ധയിൽ പ്പെടുന്നതിനെ തുടർന്ന് എല്ലാവരും ഓടിയെത്തി. മാത്യു ആ സമയമായപ്പോയേക്കും വീടിന്റെ ഉള്ളിലേക്ക് നീങ്ങിയിരുന്നു. പിന്നീട് ഡൈനിങ് ഹാളിൽ നിന്ന് തീ പടരുന്നതാണ് പ്രവർത്തകർ കണ്ടത് .

ശേഷം ജെ.എച്ച്.എ ജോൺസൺ ജോസഫും ആരോഗ്യ പ്രവർത്തകരും മാത്യുവിനെ സാഹസികമായി രക്ഷപ്പെടുത്തുകയായിരുന്നു.

പുറത്തെത്തിയ ശേഷം ആരോഗ്യപ്രവർത്തകർ നാട്ടുകാരെയും പോലീസിനെയും വിളിച്ച് തീ അണച്ചു. ആ സമയം അഗ്നി രക്ഷാസേനയും സ്ഥലത്തുണ്ടായിരുന്നു. ഓടിട്ട വീട് ആയതിനാൽ തന്നെ തീ പടരാനുള്ള സാധ്യത വളരെ കൂടുതലായിരുന്നു. ആരോഗ്യ പ്രവർത്തകരുടെ സമയോചിതമായ ഇടപെടൽ മൂലമാണ് ഒരു ജീവൻ കാത്തു രക്ഷിക്കാൻ കഴിഞ്ഞത്. ആശാവർക്കർമാരായ ജിൻസി, ഓമന രവീന്ദ്രൻ, ഷീബ എന്നിവരും സംഘത്തിൽ ഉണ്ടായിരുന്നു.

# പാത്തുമ്മയ്ക്ക് ഇനി നടക്കാം വേദനയില്ലാതെ



എറണാകുളം: കാൽമുട്ട് വേദന കാരണം പത്തു വർഷത്തിലേറെയായി ദുരിതത്തിലായിരുന്നു നെല്ലിക്കുഴി സ്വദേശിയായ പാത്തുമ്മ. രണ്ട് മണിക്കൂറോളം നീണ്ടുനിന്ന മുട്ടുമാറ്റൽ ശസ്ത്രക്രിയയിലൂടെ ദുരിതജീവിതത്തിന് വിരാമമിട്ടിരിക്കുകയാണ് കോതമംഗലം താലൂക്ക് ആശുപത്രി.

സംസ്ഥാനത്തുതന്നെ വളരെ അപൂർവമായി മാത്രമേ താലൂക്ക് ആശുപത്രിയിൽ മുട്ടുമാറ്റൽ ശസ്ത്രക്രിയ നടത്തിയിട്ടുള്ളൂ. ഈ ചരിത്രത്തെയാണ് അസ്ഥിരോഗ വിഭാഗം ഡോക്ടർ ജെയിംസ്സൈമണിന്റെ നേതൃത്വത്തിൽ മാറ്റിയെഴുതിയത്. പാത്തുമ്മയുടെ വലതുകാൽമുട്ടാണ് ടോട്ടൽ നീ റിപ്ലേസ്മെന്റ് (Total Knee Replacement) ശസ്ത്രക്രിയയിലൂടെ മാറ്റിവെച്ചത്. അനസ്തേഷ്യ വിഭാഗം ഡോക്ടർജ്യോതി എ. ആർ ന്റെ നേതൃത്വത്തിൽ ഓപ്പറേഷൻ തീയറ്റർ ടീം പങ്കെടുത്തു. അനസ്തേഷ്യാ വിഭാഗം ഡോ. എ.ആർ. ജ്യോതി, ഡോ.സി.പി. അനൂപ, ഡോ. ജെ.ശോഭിത്, ടെക്നീഷ്യൻ അക്സ ശിവൻ, നഴ്സിങ് ഓഫീസർമാരായ സുധീന സെയ്ത്, ക്ലീറ്റസ് ജോൺസ്, നഴ്സിങ് അസിസ്റ്റന്റ് എം.വി. ശശി, അറ്റൻഡർ കെ.എ. സലീന എന്നിവരാണ് മെഡിക്കൽ സംഘത്തിൽ ഉണ്ടായിരുന്നത്.

മധ്യകേരളത്തിൽ ഏറ്റവും കൂടുതൽ ആദിവാസികളടക്കം സാധാരണക്കാരായ ആയിരക്കണക്കിന് രോഗികൾ നിത്യേന ആശ്രയിക്കുന്ന ആരോഗ്യസ്ഥാപനമാണ് കോതമംഗലം താലൂക്ക് ആശുപത്രി. ആർദ്രം ദൗത്യത്തിന്റെ ഭാഗമായി ആശുപത്രിയുടെ മുഖച്ഛായ മാറ്റുന്ന നവീകരണ പ്രവർത്തനങ്ങളാണ് നടപ്പാക്കിവരുന്നത്. ഇതിന്റെ ഭാഗമായി അത്യാധുനിക ചികിത്സാ സൗകര്യങ്ങളുൾപ്പെടെ ഇവിടെ സജ്ജമാക്കുകയാണ്.

ഏറ്റവും മികച്ച ചികിത്സാ സൗകര്യമാണ് ഇവിടെ ഒരുക്കപ്പെടുന്നത്. സ്വകാര്യ ആശുപത്രിയിൽ രണ്ട് ലക്ഷത്തോളം രൂപ ചെലവുവരുന്ന ശസ്ത്രക്രിയയാണ് സൗജന്യമായി ഇവിടെ നടത്തിയത്.

# മയക്കുമരുന്നിനെതിരെ യുവജന മുന്നേറ്റം

Race to Health Campaign




ഇടുക്കി: തമിഴ്നാട് സംസ്ഥാനവുമായി അതിർത്ഥി പങ്കിടുന്ന ഇടുക്കി ജില്ല കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട വിനോദ സഞ്ചാരകേന്ദ്രമാണ്. ഇക്കാരണത്താൽ തന്നെ മയക്കുമരുന്നുകളുടെ ഉപഭോഗത്തിൽ ജില്ല വലിയ വെല്ലുവിളി നേരിടുന്നു. കൗമാരക്കാരായ കുട്ടികളുടെ ഇടയിൽ മയക്കുമരുന്നുകളുടെ സ്വാധീനം വർദ്ധിക്കാൻ സാദ്ധ്യതയുള്ളതുമൂലമാണ് ഇത്തരത്തിൽ ഒരു കാമ്പയിൻ ജില്ലയിൽ നടപ്പാക്കുന്നതിന് ആരോഗ്യവകുപ്പ് മുന്നിട്ടിരിക്കുന്നത്.

മയക്കുമരുന്നുകളുടെ ഉപയോഗം മൂലമുണ്ടാകുന്ന ശാരീരികവും മാനസികവുമായ ബുദ്ധിമുട്ടുകളെ കുറിച്ച് കൗമാരക്കാർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനൊപ്പം കോളേജ് വിദ്യാർത്ഥികൾക്കിടയിൽ നിന്ന് മയക്കുമരുന്നിനെതിരെ പ്രവർത്തിക്കുന്ന അംബാസിഡർമാരുടെ വികസനവും പദ്ധതി ലക്ഷ്യമിടുന്നു.






# മാലാഖയായി ലിജി സിസ്റ്റർ; ശ്രീജയ്ക്ക് സുഖ പ്രസവം



കരുവാരകുണ്ട്: കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ നേഴ്സായ ലിജിയുടെ അവസരോചിതമായ ഇടപെടലിൽ ആദിവാസി യുവതിക്ക് ആശുപത്രിയിൽ സുരക്ഷിതമായ പ്രസവം. ഇരിങ്ങാട്ടിരി നെല്ലിക്കലടി ആദാവാസി കോളനിയിലെ കുഞ്ഞന്റെ ഭാര്യ ശ്രീജയുടെ കന്നി പ്രസവമാണ് ലിജിയുടെ കരുതലിൽ സുഖ പ്രസവമായത്. ജൂൺ 29 വ്യാഴാഴ്ച വൈകീട്ടി അഞ്ച് മണിക്കാണ് ശ്രീജയുടെ ഭർത്താവായ കുഞ്ഞൻ നേഴ്സായ ലിജിയെ വന്നു കാണുന്നത്. അവധിയായതിനാൽ ലിജി വീട്ടിലുണ്ടായിരുന്നു. ശ്രീജ കോളനിയിൽ നിന്നും താഴേക്കു നടന്നു വരുകയാണെന്ന് കുഞ്ഞൻ അറിയിച്ചു. അപ്പോൾ തന്നെ ലിജി ശ്രീജയെ പോയി തന്റെ വീട്ടിലെത്തിച്ചു. ആംബുലൻസ് വിളിച്ച് ആശുപത്രിയിലേക്ക് വിടാനാണ് ആദ്യം തീരുമാനിച്ചതെങ്കിലും ശ്രീജയുടെ അവശത കണ്ടെപ്പോൾ കൂടെ പോയി. 108 ആംബുലൻസിൽ 25 കിലോമീറ്റർ അകലെയുള്ള പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിലേക്കുള്ള യാത്രാമധ്യേ പ്രസവ വേദന കഠിനമായി. 108 ആംബുലൻസിൽ ഉണ്ടായിരുന്നത് പുരുഷ നേഴ്സായിരുന്നു. കന്നി പ്രസവമായതിനാൽ പ്രയാസം ഉണ്ടാകുമെന്ന് മനസ്സിലാക്കിയ ലിജി ശ്രീജയ്ക്ക് ധൈര്യം പകർന്നു. മുമ്പ് പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിൽ ലിജി സേവനം ചെയ്തതിനാൽ അവിടെയുള്ള നേഴ്സിനെ വിളിച്ച് സൗകര്യങ്ങളൊരുക്കാൻ ആവശ്യപ്പെട്ടു. ആംബുലൻസിൽ ശ്രീജക്ക് പ്രഥമ ശുശ്രൂഷ ലിജി നൽകി. ആശുപത്രിയിലെ സ്ട്രെച്ചറിലേക്ക് മാറ്റുന്നതിനിടെ കുഞ്ഞിന്റെ തല പുറത്തുവന്നിരുന്നു. തുടർന്ന് വേഗം ലേബർ റൂമിലേക്ക് ശ്രീജയെ മാറ്റി. ലേബർ റൂമിലേക്ക് മാറ്റിയ ഉടനെ ശ്രീജ ആൺ കുഞ്ഞിന് ജന്മം നൽകി. ലിജി ജോർജ് ഭർത്താവിന്റെ രണ്ട് മുണ്ടുകൾ കൈയിൽ കരുതിയിരുന്നതിനാൽ പ്രസവ സമയത്ത് കുഞ്ഞിനെ തുടയക്കാനും കിടത്താനും പെട്ടന്ന് സാധിച്ചു. ശ്രീജയുടെ കൂടെ നിൽക്കാൻ ഭർത്താവ് കുഞ്ഞനല്ലാതെ മാറ്റാരുമില്ലാത്തതിനാൽ ലിജി പെട്ടന്ന് ആശുപത്രി വിട്ടുപോയില്ല. ലിജിയുടെ വസ്ത്രം വീട്ടിൽ നിന്നെത്തിച്ച് ശ്രീജയെ ഉടുപ്പിച്ച് രാത്രി 12 നാണ് ലിജി മടങ്ങിയത് ഇതിനു മുമ്പ് 3 തവണ വിവിധ ആദിവാസി കോളനിയിൽ പ്രസവമടുത്ത സ്ത്രീകൾക്കു ലിജിയുടെ സഹായം ലഭ്യമായിട്ടുണ്ട്.

മലപ്പുറം ജില്ലയിലെ നിലമ്പൂർ താലൂക്കിൽ സ്ഥിതി ചെയ്യുന്ന കരുവാരകുണ്ട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ മലയോര ജനതയ്ക്ക് ഏറെ ആശ്വാസം പകരുന്ന ഒരു ആരോഗ്യ കേന്ദ്രമാണ്. 21 വാർഡുകളിലുൾപ്പെടുന്ന കരുവാരകുണ്ട് ഗ്രാമ പഞ്ചായത്തിലെ ജനവിഭാഗത്തിന് ഏറ്റവും മികച്ച ചികിത്സ നൽകാൻ ഈ സ്ഥാപനത്തിലൂടെ സാധ്യമാകുന്നു. ആദിവാസി വിഭാഗം കൂടി ഉൾക്കൊള്ളുന്ന പ്രദേശമായതിനാൽ മികച്ച സേവനം നൽകാൻ സാധിക്കുന്നു എന്നതാണ് കരുവാരകുണ്ട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ പ്രത്യേകത. ഒപി സേവനങ്ങൾക്കൊപ്പം, ലാബ്, ഫിസിയോ തെറാപ്പി സേവനം കൂടി ഈ സ്ഥാപനത്തിൽ നിന്നും ലഭ്യമാകുന്നു.

# ഇഷാന് ഇനി ചിരിക്കാം



പാലക്കാട്: വിള്ളൽ ചുണ്ടും (cleft lip) അണ്ണാക്ക് വിള്ളലും (cleft palate) മൂലം അമ്മയുടെ മുലപ്പാൽ നുണയാൻ പോലും കഴിയാതെ പോയ ഇഷാന് പ്രതീക്ഷയുടെ തിരിനാളമാവുകയാണ് പാലക്കാട് ഗവ. വനിതാ-ശിശു ആശുപത്രിയിൽ പ്രവർത്തിക്കുന്ന ഡി.ഇ.ഐ.സി (ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രം). കുഞ്ഞുങ്ങളിലെ വളർച്ചയിലുള്ള കാല താമസവും ജനന വൈകല്യങ്ങളും കണ്ടെത്തി ഉചിതമായ ഇടപെടൽ നടത്തുന്നതിനുള്ള കേന്ദ്രമായ ഡി.ഇ.ഐ.സി യിൽ 2021 ഡിസംബറിൽ ആണ് ഒരു വയസ്സുകാരനായ ഇഷാൻ എത്തുന്നത്. സംസാരിക്കാനോ വ്യക്തമായ ശബ്ദങ്ങൾ പുറപ്പെടുവിക്കാനോ ആവാതെ ഭക്ഷണം കഴിക്കാൻ പ്രയാസം നേരിടുന്ന വിധം സങ്കീർണ്ണതകളോടെ എത്തിയ കുഞ്ഞിനെ DEIC പീഡിയാട്രീഷനും മറ്റു തെറാപ്പിസ്റ്റുകളും വിശദമായ പരിശോധനകൾക്ക് വിധേയനാക്കി. ജന്മനാലുള്ള ഹൃദയ വൈകല്യം കൂടി കണ്ടെത്തിയതിനെ തുടർന്ന് കുഞ്ഞുങ്ങളുടെ ഹൃദയശസ്ത്രക്രിയക്കായുള്ള സർക്കാരിന്റെ സൗജന്യ പദ്ധതിയായ ഹൃദ്യത്തിൽ രജിസ്റ്റർ ചെയ്തു. ഇതിനൊപ്പം കുഞ്ഞിന് അടങ്ങിയിരിക്കായ്കയും ശ്രദ്ധയില്ലായ്മയും തുടങ്ങിയ പെരുമാറ്റ വൈകല്യങ്ങൾ കൂടി ഉണ്ടായിരുന്നത് രക്ഷിതാക്കൾക്കും DEIC യിലെ ജീവനക്കാർക്കും ഒരുപോലെ വെല്ലുവിളി ഉയർത്തിയിരുന്നു.

എങ്കിലും കൃത്യമായ ഇടവേളകളിലുള്ള തെറാപ്പിയും മികച്ച പരിചരണവും നൽകി സർജറിയിലൂടെ ഈ വൈകല്യം പരിഹരിക്കാവുന്നതേയുള്ളൂവെന്ന് ഇഷാന്റെ രക്ഷിതാക്കൾക്ക് DEIC യിലെ ടീം ധൈര്യം നൽകി. മുഖ ഘടനയിലുള്ള അസാധാരണത്വവും സംസാരത്തിലുണ്ടാവുന്ന അവ്യക്തതയും മൂലം cleft palate ഒരാളുടെ ആത്മാഭിമാനത്തെ എത്രത്തോളം ബാധിക്കുമെന്നും അവരോട് അനുഭാവം പുലർത്താൻ ഇടയില്ലാത്ത സാമൂഹിക അസ്വസ്ഥതകളെ കുറിച്ചും സാധാരണക്കാരായ ആ അച്ഛനമ്മമാർക്ക് ആകുലതകൾ ഏറെ ഉണ്ടായിരുന്നു. അങ്ങനെ 2022 ഫെബ്രുവരിയിൽ cleft lip സർജറി വിജയകരമായി നടത്തി. പീഡിയാട്രിക് കാർഡിയോളജിസ്റ്റ് വിദഗ്ധ നിർദ്ദേശ പ്രകാരം cleft palate സർജറി കൂടി ചെയ്തതിനു ശേഷം ആരോഗ്യനില പരിശോധിച്ചുറപ്പാക്കി ഹൃദയശസ്ത്രക്രിയ കൂടി ചെയ്യാമെന്ന് നിശ്ചയിച്ചു.

കറക്ഷൻ സർജറിക്ക് ശേഷം കൃത്യമായ തെറാപ്പികൾ കൂടി ചെയ്തപ്പോൾ പ്രകടമായ മാറ്റങ്ങൾ ഇഷാനിൽ കണ്ടു തുടങ്ങി. ഒരിടത്ത് അടങ്ങിയിരിക്കാനോ ഒന്നിലും ശ്രദ്ധ കേന്ദ്രീകരിക്കാനോ വ്യക്തമായ ശബ്ദങ്ങൾ പുറപ്പെടുവിക്കാനോ കഴിയാതിരുന്ന കുട്ടിയിലെ പെരുമാറ്റ വൈകല്യങ്ങൾ എല്ലാം തന്നെ സാധാരണ ഗതിയിലായി. വ്യക്തമായ ശബ്ദങ്ങൾ പുറപ്പെടുവിക്കാൻ ആരംഭിച്ചു. ഭക്ഷണം കഴിക്കുന്നതിനുള്ള പ്രയാസം ഏറെ കുറഞ്ഞു. DEIC യിലെ ജീവനക്കാരുടെ ക്ഷമാപൂർവ്വമുള്ള പരിചരണത്തിൽ ഫലപ്രദമായ ചികിത്സയിലൂടെ നേടിയെടുക്കാനായ കുഞ്ഞിന്റെ പുരോഗതിയിൽ പറഞ്ഞറിയിക്കാനാവാത്ത ആശ്വാസത്തിലും സന്തോഷത്തിലുമാണ് ഇഷാന്റെ രക്ഷിതാക്കൾ.

ഗർഭസ്ഥശിശുവിന്റെ വികാസ സമയത്ത് തന്നെ രൂപപ്പെടുന്ന സാധാരണയായി കണ്ടുവരുന്ന ഘടനാപരമായ ഒരു ജനന വൈകല്യമാണ് ഇത്. നേരത്തെ തന്നെയുള്ള ചികിത്സയിലൂടെയും പരിചരണത്തിലൂടെയും വലിയൊരളവ് വരെ ഇത് മാറ്റിയെടുക്കാവുന്നതാണ്. ഇത്തരം ജനന വൈകല്യങ്ങൾ ജനിച്ച ദിവസങ്ങൾക്കകം തന്നെ കണ്ടെത്തി അനുയോജ്യമായ ചികിത്സ ലഭ്യമാക്കുന്നതിനുള്ള സൗകര്യം ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങളിൽ സൗജന്യമായി ലഭ്യമാണ്.

# ആശുപത്രി സൗകര്യങ്ങളോടു കൂടിയ ബസ് രോഗികളുടെ അടുത്തേക്കെത്തും




തിരുവനന്തപുരം: അതിയന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന 5 പഞ്ചായത്തുകളിൽ രോഗികളുടെ അടുത്ത് ആശുപത്രിയെത്തും. സംസ്ഥാനത്ത് ആദ്യമായാണ് സഞ്ചരിക്കുന്ന ആശുപത്രി എന്ന ആശയം ഒരു തദ്ദേശ സ്ഥാപനം നടപ്പാക്കുന്നത്. 'അരികിലുണ്ട് അതിയന്നൂർ ബ്ലോക്ക്' എന്ന പേരിലാണ് പദ്ധതി നടപ്പിലാക്കുന്നത്.

ഡോക്ടറും നഴ്സും ലാബ് ടെക്നീഷ്യനുമൊക്കെ വീട്ടുമുറ്റത്ത് എത്തുന്ന പദ്ധതി ഓഗസ്റ്റ് ആദ്യവാരം ആരംഭിക്കുമെന്ന് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എൻ വി മൻമോഹൻ അറിയിച്ചു.

ശീതികരിച്ച ബസ്സാണ് ആശുപത്രിയായി സജ്ജീകരിക്കുന്നത്. 65 ലക്ഷം രൂപയാണ് ബ്ലോക്ക് ഇതിനായി ചെലവഴിക്കുന്നത്. വെങ്ങാനൂർ, കോട്ടുകാൽ, കാഞ്ഞിരംകുളം, കരിങ്കുളം, അതിയന്നൂർ പഞ്ചായത്തുകളിൽ ഈ ആശുപത്രി ബസ് എത്തും.

ഓരോ പഞ്ചായത്തിലും മാസത്തിൽ അഞ്ചു ദിവസമാണ് എത്തുക. ബസ്സിനുള്ളിലെ പ്രത്യേക ക്യാബിനുകളിൽ ഡോക്ടർ, നഴ്സ്, ലാബ് ടെക്നീഷ്യൻ, ഇ.സി.ജി, ഫാർമസിസ്റ്റ് എന്നിവരുണ്ടാകും. ലഘു ശസ്ത്രക്രിയകൾ നടത്താൻ വരെയുള്ള സൗകര്യവും ഇതിലുണ്ടാവും.

# ഒരുമയോടെ ഓമല്ലൂർ മാതൃക

## ജനകീയ പിന്തുണയോടെ ഒരുങ്ങിയ മികച്ച ജനകീയ ആരോഗ്യ കേന്ദ്രം (ഹെൽത്ത് & വെൽനെസ്സ് സെന്റർ)


കുറുപ്പന്തറ: കോട്ടയം ജില്ലയിലെ മാഞ്ഞൂർ പഞ്ചായത്തിലെ അഞ്ചാം വാർഡിൽ കുറുപ്പന്തറ കുടുംബാരോഗ്യകേന്ദ്രത്തിന് കീഴിൽ ആരോഗ്യ ഉപകേന്ദ്രം തുടങ്ങിയിട്ട് ദശാബ്ദങ്ങളായി. പ്രസവം ഉൾപ്പടെ മാതൃശിശു സംരക്ഷണ സേവനങ്ങൾ ലഭ്യമായിരുന്ന പ്രധാന ആരോഗ്യസ്ഥാപനമായിരുന്നു ഈ ഉപകേന്ദ്രം. പിന്നീട് പൊതു-സ്വകാര്യ ചികിത്സാ കേന്ദ്രങ്ങളുടെ വർദ്ധനവോടെ ഇവിടം രോഗപ്രതിരോധം, പാലിയേറ്റീവ് പരിചരണ സേവനങ്ങളും പ്രതിരോധകുത്തിവെയ്പ്പുകളും നൽകുന്ന ആരോഗ്യ കേന്ദ്രമായി മാത്രം ഇത് മാറുകയാണുണ്ടായത്. ആദ്യഘട്ടത്തിൽ ഒരു ജെ.എച്ച്.ഐ, ജെ.പി.എച്ച്.എൻ എന്നിവർ മാത്രമാണുണ്ടായിരുന്നത്. പിന്നീട് ആശപ്രവർത്തകരുടെ സേവനവും ലഭ്യമായി തുടങ്ങി.

ഇപ്പോൾ ജനകീയ ആരോഗ്യ കേന്ദ്രമായി മാറിയ ഈ സ്ഥാപനം, സംസ്ഥാനത്തിനാകെ തന്നെ മാതൃകയായിരിക്കുകയാണ്. നിലവിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ്, മിഡിൽ ലെവൽ സർവ്വീസ് പ്രൊവൈഡർ എന്ന സ്റ്റാഫ് നേഴ്സ് - എന്നിവരും ആശാ പ്രവർത്തകരും അടങ്ങുന്നതാണ് സേവന സംഘം. ജീവിതശൈലീ രോഗനിയന്ത്രണം, വയോജനാരോഗ്യം, പുനരധിവാസ പ്രവർത്തനങ്ങൾ, കൗമാരാരോഗ്യം, ആരോഗ്യ അനുബന്ധ മേഖലയിലെ ഇടപെടൽ എന്നിങ്ങനെയുള്ള സമഗ്രസേവനങ്ങൾ ലഭ്യമാക്കാനാണ് ലക്ഷ്യമിടുന്നത്.

2022 ഏപ്രിൽ ഒന്നിന് ഒരുമയോടെ ഓമല്ലൂർ' എന്ന പ്രചരണത്തിലൂടെയാണ് ദൗത്യം തുടങ്ങിയത്. ഓർണമെന്റൽ ആർച്ച്, കുട്ടികൾക്കും വയോജനങ്ങൾക്കും പാർക്ക്, ഉദ്യാനം, ആരോഗ്യ ലൈബ്രറി, കാത്തിരിപ്പ് വിഭാഗം, വാട്ടർ ഹീറ്റർ, കമ്പ്യൂട്ടർ, ടി.വി, കേബിൾ - ഇന്റർനെറ്റ്, ഫസ്റ്റ് എയ്ഡ് പരിശീലനത്തിന് സംവിധാനം, മ്യൂസിക് സിസ്റ്റം എന്നിവ ജനകീയപിന്തുണയോടെ സമാഹരിച്ചു. സംവിധായകൻ ദിലീഷ് പോത്തനടക്കമുള്ളവർ പിന്തുണയുമായി രംഗത്തെത്തി. ഇതിനായി സാമുഹിക, സാമുദായിക, സാംസ്കാരിക, രാഷ്ട്രീയ രംഗത്തെ എല്ലാവരും ഒത്തൊരുമയോടെ നിന്നു. ലഭിച്ചതോ സംസ്ഥാനത്തെ തന്നെ മികച്ച ഹെൽത്ത് ആൻഡ് വെൽനെസ്സ് സെന്ററായി തെരഞ്ഞെടുക്കപ്പെട്ട മാഞ്ഞൂർ പഞ്ചായത്ത് ഒമ്പത് ലക്ഷം രൂപയും നാഷണൽ ഹെൽത്ത് മിഷൻ ഏഴ് ലക്ഷം രൂപയും നല്കി. ഉഴവൂർ ബ്ലോക്ക് പഞ്ചായത്ത് പദ്ധതിയിൽ ഉൾപ്പെടുത്തി മൂന്ന് ലക്ഷം രൂപ ചെലവഴിച്ച് ഇവിടെ ഓപ്പൺ ജിം സ്ഥാപിച്ചു. ജനകീയ സാമൂഹിക, സന്നദ്ധ സംഘടനകൾ, പ്രാദേശിക കൂട്ടായ്മകൾ എന്നിവരുടെ പിന്തുണയോടെയാണ് ഓമല്ലൂർ ജനകീയ ആരോഗ്യകേന്ദ്രം ജനസൗഹൃദപരമായി ഒരുക്കി എടുത്തത്. ഇവിടെ ഒരുക്കിയിരിക്കുന്ന സെൽഫി കോർണർ കുട്ടികൾ മുതൽ വയോജനങ്ങൾ വരെയുള്ള ജനങ്ങളുടെ ആരോഗ്യസംരക്ഷണം ഒരുക്കുവാനുള്ള സാമൂഹിക ഉദ്യമത്തിന്റെ തുടക്കമാണ്.

ആഴ്ചയിൽ ആറു ദിവസവും ആരോഗ്യ ചികിത്സാ സേവനങ്ങൾ ഇവിടെ നിന്നും ലഭ്യമാകും. രാവിലെ ഒൻപത് മണി മുതൽ വൈകിട്ട് ആറു വരെയാണ് പ്രവർത്തന സമയം. രാവിലെ ഒമ്പത് മണി മുതൽ ഒരു മണിവരെയുള്ള സമയം ഫീൽഡ് തല ക്ലിനിക്കുകളും ഉച്ചക്ക് രണ്ടു മണി മുതൽ നാലു മണി വരെയുള്ള സമയം സ്ഥാപനതല ക്ലിനിക്കുകളുമായാണ് പ്രവർത്തിക്കുന്നത്.

# കുടുംബത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുത്ത ലിബിൻ എന്ന ഹീറോ



തൃശ്ശൂർ: 2022 എന്ന വർഷം ലിബിനെ സംബന്ധിച്ച് കുടുംബത്തിന് വേണ്ടി നിശ്ചയദാർഢ്യത്തോടെ കൈക്കൊണ്ട ഒരു തീരുമാനത്തിൽ നിന്നുള്ള ആത്മസംതൃപ്തിയുടെ വർഷമായിരുന്നു.

ലിബിൻ 16 വർഷമായി തൃശ്ശൂർ ജില്ലയിലെ അയ്യന്തോളിൽ അഡ്വക്കേറ്റ് ഓഫീസിൽ ക്ലർക്ക് ആയി പ്രവർത്തിച്ചു വരുകയാണ്. അമ്മയും, ഭാര്യയും,അഞ്ചര വയസ്സും മൂന്നര വയസ്സുമുള്ള രണ്ട് പെൺകുഞ്ഞുങ്ങളും അടങ്ങുന്ന കുടുംബം. ഇനിയൊരു കുഞ്ഞ് വേണ്ടെന്ന തീരുമാനത്തെ തുടർന്ന് ലിബിനും ഭാര്യും കുടുംബ ക്ഷേമ പരിപാടികളെ കുറിച്ച് ആലോചിക്കുന്ന സമയം. പലതവണ പുതുക്കാട് താലൂക്ക് ആശുപത്രി സന്ദർശനവേളയിൽ പുരുഷ വന്ധ്യകരണ ശസ്ത്രക്രിയയെ സംബന്ധിച്ച ബോർഡ് ലിബിൻ ശ്രദ്ധിച്ചിരുന്നു.

ഈ അവസരത്തിലാണ പുതുക്കാട് താലൂക്ക് ആശുപത്രിയുടെ കീഴിലുള്ള ചെങ്ങാലൂർ സബ്ബ് സെന്ററിനു കീഴിൽ പ്രവർത്തിക്കുന്ന ജെ.പി.എച്ച്.എൻ. ചന്ദ്രിക സിസ്റ്റർ തന്റെ പ്രവർത്തന മേഖലയിലെ എലിജിബിൾ കപ്പിളായ ലിബിനേയും ഭാര്യയേയും ഫോണിൽ ബന്ധപ്പെടുന്നത്. ചന്ദ്രിക സിസ്റ്ററിന് ഒരു പ്രത്യേകത കൂടിയുണ്ട്. 2022-ൽ സംസ്ഥാനത്തെ മികച്ച ജെ.പി.എച്ച്.എൻ.-നുള്ള അവാർഡ് കരസ്ഥമാക്കിയിട്ടുണ്ട്. കുടുംബ ക്ഷേമ പദ്ധതികളെ കുറിച്ച് പ്രചാരണം നൽകാൻ പ്രത്യേകം പരിശ്രമിക്കാറുള്ള സിസ്റ്റർ ചെങ്ങാലൂർ സബ്ബ്സെന്ററിൽ ജോലി ചെയ്ത 7 വർഷത്തിനുള്ളിൽ 42 പേരെ എൻ.എസ്.വി. ചെയ്യാൻ പ്രോത്സാഹനം നൽകിയിട്ടുണ്ട്. സിസ്റ്റർ ലിബിനോടും ഭാര്യയോടും സ്ഥിരമായ കുടുംബാസൂത്രണ മാർഗ്ഗങ്ങളെ കുറിച്ച് വിശദീകരിച്ചു. ആലോചിച്ച് തീരുമാനമെടുക്കാൻ പറഞ്ഞു, 'ഭാര്യ എന്തായാലും പ്രസവങ്ങളുമായി ബന്ധപ്പെട്ട് ബുദ്ധിമുട്ടിയിട്ടുണ്ട്, ഇത്തവണ എന്റെ ഊഴമാണെന്ന് ലിബിൻ പറഞ്ഞു.'

ജോലി അഡ്വക്കേറ്റിന്റെ ക്ലർക്ക് ആയതുകൊണ്ട് തന്നെ ദീർഘകാല അവധി എടുക്കുന്നത് എളുപ്പമല്ല. എൻ.എസ്.വി. ചെയ്യുന്നതിന് ലീവ് എടുക്കേണ്ട ആവശ്യമില്ലെന്നും, അന്ന് തന്നെ തിരിച്ചു പോരാമെന്നും, പിന്നീട് റെസ്റ്റ് എടുക്കേണ്ട ആവശ്യമില്ലെന്നും സിസ്റ്ററിന്റെ ഉറപ്പോടെ ലിബിൻ തൃശ്ശൂർ ജനറൽ ആശുപത്രിയിലേക്ക്. കുഞ്ഞ് ചെറുതായതു കൊണ്ടു തന്നെ ഭാര്യക്ക് ആശുപത്രിയിൽ വരാൻ ബുദ്ധിമുട്ട് വേണ്ട എന്നു കരുതി ലിബിൻ തന്നെയാണ് പുറപ്പെട്ടത്. അവിടേയും ചന്ദ്രിക സിസ്റ്റർ ആശാ പ്രവർത്തക ശാന്തിനിയെ കൂട്ട് നിർത്താൻ ഏർപ്പാടാക്കി. ആദ്യമായി ശസ്ത്രക്രിയ നേരിടുന്നതിന്റെ ആശങ്കയും പൊതുവേ മെഡിക്കൽ പ്രൊസീജറുകളോടുള്ള ഭയവും ഒക്കെയുള്ള ലിബിന് സർജൻ ഡോ. ജയദേവന്റെ വാക്കുകൾ ആത്മവിശ്വാസവും ആശ്വാസവും ഏകുന്നതായിരുന്നു. താക്കോൽ ദ്വാര ശസ്ത്രക്രിയ ആയതിനാൽ ലിബിൻ അറിയുക പോലുമില്ലെന്നാണ് ഡോക്ടർ പറഞ്ഞത്. ശസ്ത്രക്രിയ നേരത്ത് ഡോക്ടർ മറ്റ് വിഷയങ്ങൾ സംസാരിച്ച് ലിബിനെ ആശ്വസിപ്പിക്കുകയും ചെയ്തു. ഡോക്ടർ പറഞ്ഞ പോലെ താൻ ഒന്നും അറിഞ്ഞില്ലെന്ന് ലിബിന്റെ തന്നെ ഭാഷ്യം.

എൻ.എസ്.വി.ചെയ്ത് പുറത്തിറങ്ങിയ ലിബിൻ കണ്ടത് ചെയ്യാൻ ഊഴം കാത്ത് ആശങ്കയോടെ ഇരിക്കുന്ന രണ്ട് പേരെ ആണ്. അവർക്ക് കൂടെ ധൈര്യം നൽകി ലിബിൻ മണിക്കൂറുകൾക്കുള്ളിൽ ആശുപത്രി വിട്ടു. എൻ.എസ്.വി. ചെയ്ത് ബൈക്ക് ഉപയോഗിക്കേണ്ട എന്ന സിസ്റ്ററിന്റെ ഉപദേശം സ്വീകരിച്ച ലിബിൻ ബസ്സിൽ തന്നെ തിരിച്ചു പോയി. വീട്ടിൽ പോകുന്നതിന് മുൻപ് ബാങ്കിൽ അടിയന്തിരമായി ചെയ്യേണ്ട കാര്യങ്ങൾ ചെയ്താണ് പോയത്. അത്ര ലളിതവും വേദന രഹിതവുമാണ് എൻ.എസ്.വി. എന്ന് ലിബിൻ പറയുന്നു.ഡോക്ടർ നിർദ്ദേശിച്ച പ്രകാരം ആന്റിബയോട്ടിക്കുകൾ കഴിക്കുകയും രണ്ടാം ദിവസം ചെയ്തിടത്തെ ബാൻഡേജ് മാറ്റി കുളിച്ച് ബൈക്കിൽ തന്നെ ജോലിക്ക് പോയി. മൂന്ന മാസത്തിന് ശേഷം ശുക്ല പരിശോധന നടത്തി ശസ്ത്രക്രിയ വിജയകരമാണെന്ന് ഉറപ്പു വരുത്തി ആശുപത്രിയിൽ റിസൾട്ട് കാണിച്ചപ്പോൾ സർട്ടിഫിക്കറ്റും ലഭിച്ചു.


തന്നെ പോലെ എൻ.എസ്.വി. ചെയ്യാൻ ആഗ്രഹം ഉണ്ടായിട്ടും ഭയവും മറ്റ് കാരണങ്ങൾ കൊണ്ട് ചെയ്യാത്തവർ ഒരുപാട് ഉണ്ടാകും. അവർക്ക് ഒരു ധൈര്യമാകട്ടെ എന്ന് കരുതി ലിബിൻ തന്റെ ജീവിതം തുറന്നു കാണിക്കുന്നു.

> വീട്ടിൽ പോകുന്നതിന് മുൻപ് ബാങ്കിൽ അടിയന്തിരമായി ചെയ്യേണ്ട കാര്യങ്ങൾ ചെയ്താണ് പോയത്. അത്ര ലളിതവും വേദന രഹിതവുമാണ് എൻ.എസ്.വി.



# മാനസികാരോഗ്യ പരിപാടിയുടെ ആവശ്യകതയും പ്രാധാന്യവും

**ഡോ. വീണ എ ഹർഷൻ**
നോഡൽ ഓഫീസർ, കണ്ണൂർ ജില്ലാ മാനസികാരോഗ്യ പരിപാടി



**ആരോഗ്യമുള്ള** മനസ്സുണ്ടെങ്കിൽ മാത്രമേ ആരോഗ്യമുള്ള ശരീരം ഉണ്ടാവുകയുള്ളൂ. ചിന്തിക്കാനും സമൂഹത്തിൽ ഇടപഴകുവാനും സന്തോഷത്തോടെ ജീവിക്കുവാനും മനുഷ്യൻ എന്ന നിലയിൽ മാനസികാരോഗ്യം പ്രാധാന്യമർഹിക്കുന്നു. ജീവിതത്തിലെ എല്ലാ ഘട്ടങ്ങളിലും മാനസിക രോഗങ്ങൾ വരാം. നമ്മുടെ ചിന്തകളും പെരുമാറ്റങ്ങളും വികാര വിചാരങ്ങളുമെല്ലാം തലച്ചോറിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. അതിൽ മാറ്റങ്ങൾ സംഭവിക്കുമ്പോഴാണ് മനോരോഗങ്ങൾ ഉണ്ടാകുന്നത്. മാനസികബുദ്ധിമുട്ടുകൾ ദൈനംദിനജീവിതത്തെ പ്രതികൂലമായി ബാധിക്കാനുള്ള സാധ്യത വളരെ കൂടുതലാണ്. ഇത്തരം സന്ദർഭങ്ങളിൽ ഒരു മാനസിക രോഗവിദഗ്ദന്റെ സേവനം തേടേണ്ടതാണ്.

മാനസികാരോഗ്യ സേവനങ്ങൾ വികേന്ദ്രീകരിക്കുന്നതിനും, പൊതുആരോഗ്യ സംരക്ഷണ വിതരണ സംവിധാനവുമായി മാനസികാരോഗ്യം സംയോജിപ്പിച്ച് സാമൂഹികതലത്തിൽ മാനസികാരോഗ്യസേവനം നൽകുന്നതിനുമായി ദേശീയ മാനസികാരോഗ്യ പരിപാടി (NMHP) -ക്ക് കീഴിൽ ജില്ലാ മാനസികാരോഗ്യപരിപാടി (DMHP) ആരംഭിച്ചു. ഈ പരിപാടി ആദ്യമായി സ്വീകരിച്ച വികസ്വര രാജ്യങ്ങളിലൊന്നാണ് ഇന്ത്യ. ഈ പരിപാടിയുടെ പ്രധാന ലക്ഷ്യങ്ങൾ ഏറ്റവും കുറഞ്ഞ ചിലവിൽ മാനസികാരോഗ്യ സംരക്ഷണത്തിന്റെ ലഭ്യത ഉറപ്പാക്കുകയും, പൊതു ആരോഗ്യ സംരക്ഷണത്തിലും സാമൂഹിക വികസനത്തിലും, മാനസിക ആരോഗ്യ വിജ്ഞാനത്തിന്റെ പ്രയോഗം പ്രോത്സാഹിപ്പിക്കുക, മാനസികാരോഗ്യസേവന വികസനത്തിൽ കമ്മ്യൂണിറ്റി പങ്കാളിത്തം പ്രോൽസാഹിപ്പിക്കുകയും സമൂഹത്തിൽ സ്വയം സഹായത്തിനുള്ള ശ്രമങ്ങളെ ഉത്തേജിപ്പിക്കുകയും ചെയ്യുക എന്നതായിരുന്നു.

ജില്ലാ മാനസികാരോഗ്യപരിപാടി ആദ്യമായി കണ്ണൂർ ജില്ലയിൽ പ്രവർത്തനം ആരംഭിച്ചത് 2007 ഏപ്രിൽ മാസത്തിലാണ്. ജില്ലാ മാനസികാരോഗ്യ പരിപാടിയുടെ ഭാഗമായി കണ്ണൂർ ജില്ലയിൽ മാനസിക ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന ആളുകൾക്കുവേണ്ടി വിവിധ ആരോഗ്യ സ്ഥാപനങ്ങളിലായി മാസം തോറും 23 -ഓളം ക്ലിനിക്കുകൾ നടത്തിവരുന്നുണ്ട്. ഈ ക്ലിനിക്കുകളിൽ വെച്ച് സൈക്യാട്രിസ്റ്റിന്റേയും ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റേയും സോഷ്യൽ വർക്കറുടേയും സേവനവും അതോടൊപ്പം കൗൺസിലിങ്ങും, സൗജന്യമായി മരുന്നുകളും നൽകിവരുന്നു. മാസത്തിൽ ഏകദേശം 1800 -ഓളം രോഗികൾക്ക് സൗജന്യചികിൽസ നൽകിവരുന്നു.

സമ്പൂർണ്ണ മാനസികാരോഗ്യ പരിപാടി നടപ്പിലാക്കുന്നതിന്റെ ഭാഗമായി കുടുംബാരോഗ്യകേന്ദ്രങ്ങളിൽവെച്ച് ആരോഗ്യപ്രവർത്തകർക്ക്പരിശീലനം നൽകുകയും, ആശാവർക്കർമാരുടെ സേവനം ഉപയോഗിച്ച് മാനസികപ്രശ്നങ്ങളും വൈകല്യങ്ങളും രോഗങ്ങളും ഉള്ളവരെ കണ്ടെത്തി അവരുടെ വീടിനടുത്തുള്ള കുടുംബാരോഗ്യകേന്ദ്രങ്ങളിൽവെച്ച് ചികിൽസയും മറ്റ് സേവനങ്ങളും നൽകി വരുന്നുണ്ട്. അതോടൊപ്പം സമഗ്ര മാനസികാരോഗ്യപരിപാടിയുടെഭാഗമായിപാട്യം - ചെറുവാഞ്ചേരി, പയ്യന്നൂർ - മുത്തത്തി എന്നിവിടങ്ങളിലായി 2 പകൽവീടുകൾ നടത്തിവരുന്നുണ്ട്. ഇവിടങ്ങളിൽ വെച്ച് പഞ്ചായത്ത്തലത്തിൽ മാനസികാരോഗ്യ പ്രശ്നങ്ങൾ ബാധിച്ചവരെ കണ്ടെത്തി ഈ പകൽവീടുകളിലെത്തിക്കുകയും പുനരധിവാസത്തിന്റെ ഭാഗമായി അവർക്ക് വേണ്ട സാന്ത്വനചികിൽസയും തൊഴിലധിഷ്ടിത പരിശീലനവും നടത്തി വരുന്നുണ്ട്.

കണ്ണൂർ ജില്ലാ മാനസികാരോഗ്യപരിപാടി ടീം ദുരന്ത നിവാരണ മാനസികാരോഗ്യ പ്രവർത്തനങ്ങളുടെ ഭാഗമായി 2022 ആഗസ്ത് മാസത്തിൽ നെടുംപുറംചാൽ എന്ന ദുരന്തസ്ഥലത്ത് സന്ദർശനം നടത്തുകയും സൈക്കോസോഷ്യൽ സപ്പോർട്ട് ദുരന്തബാധിതർക്ക് നൽകുകയും ചെയ്തു.

കുട്ടികളുടേയും കൗമാരക്കാരുടേയും മാനസികാരോഗ്യ പ്രശ്നങ്ങൾ, ആത്മഹത്യാപ്രവണത, മറവിരോഗം തുടങ്ങിവയ്ക്കും, സ്കൂൾതലത്തിൽ കുട്ടികൾക്ക് വേണ്ട ബോധവൽക്കരണ ക്ലാസ്സുകളും കൗൺസിലിങ്ങും നടത്തിവരുന്നു.

അമ്മമനസ്സ് പരിപാടിയുടെ ഭാഗമായി ഗർഭാവസ്ഥയിലും പ്രസവശേഷവുമുള്ള മാനസികപ്രശ്നങ്ങൾ നേരിടുന്ന അമ്മമാരെ കണ്ടെത്തി വേണ്ട ചികിൽസ ഉറപ്പുവരുത്തുകയും, ആശ്വാസം പരിപാടിയുടെ ഭാഗമായി ബ്ലോക്ക്/പഞ്ചായത്ത് തലത്തിൽ ആശാവർക്കർമാർക്ക് പരിശീലനം നൽകി അതാത് പഞ്ചായത്തിലുള്ള വിഷാദരോഗമുള്ളവരെ കണ്ടെത്തി ചികിൽസ നൽകിവരുന്നു. കൂടാതെ ട്രൈബൽ മെന്റൽ ഹെൽത്ത്, കോസ്റ്റൽ മെന്റൽ ഹെൽത്ത്, അർബൻ മെന്റൽ ഹെൽത്ത്, ആത്മഹത്യപ്രതിരോധം, സ്ട്രസ്സ്മാനേജ്മെന്റ് എന്നിവയും ജില്ലാ മാനസികാരോഗ്യ പരിപാടി മുഖേനയാണ് നടത്തിവരുന്നത്. മാനസികാരോഗ്യം നിലനിർത്തുന്നതിനു വേണ്ടി വ്യായാമശീലം വളർത്തുകയും, നല്ല ആഹാരശീലവും ആവശ്യത്തിന് ഉറക്കവും, സാമൂഹികമായി സജീവമാകുകയും ചെയ്യേണ്ടതാണ്.

നിലവിലുള്ള ആരോഗ്യപ്രവർത്തകരും സ്ഥാപനങ്ങളും മുഖേന ജില്ലയിലെ മാനസിക രോഗമുള്ളവർക്ക് മാനസികാരോഗ്യസേവനം വ്യാപിപ്പിക്കുക എന്നതാണ് ഡി.എം.എച്ച്.പി യുടെ ലക്ഷ്യം. മാനസിക വൈകല്യങ്ങൾ കണ്ടെത്തുന്നതിനും രോഗികൾ ചികിൽസ തേടിയുള്ള ദൂരം കുറക്കുന്നതിനും മാനസികരോഗാശുപത്രിയിലെ കേസുകളുടെ ഭാരം കുറയുന്നതിനും ഈ പരിപാടി സ്വാധീനം ചെലുത്തിയിട്ടുണ്ട്.


## ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഡോക്യുമെന്റേഷനിൽ മികവോടെ തിരുവനന്തപുരം




തിരുവനന്തപുരം: ജില്ലാതലത്തിൽ ദേശീയ ആരോഗ്യ ദൗത്യം വഴി നടത്തിവരുന്ന ആരോഗ്യ ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഡോക്യൂമെന്റേഷനിൽ ഒന്നമാതായി തിരുവനന്തപുരം ജില്ല രണ്ടാം സ്ഥാനത്തിന് കോഴിക്കോടും, മൂന്നാം സ്ഥാനത്തിന് കണ്ണൂരും അർഹരായി.

സംസ്ഥാന ബി.സി.സി. വിഭാഗത്തിന്റെ നേതൃത്വത്തിൽ 14 ജില്ലകളും വാർഷിക ഐ.ഇ.സി. ബി.സി.സി ഡോക്യുമെന്റേഷൻ റിപ്പോർട്ടുകൾ ബുക്കുകളായി തയ്യാറാക്കിയിരുന്നു. ഇതിൽ നിന്നും ഏറ്റവും മികച്ച അവതരണത്തിനും ഉള്ളടക്കത്തിന്റെ പൂർണ്ണതയും കണക്കിലെടുത്താണ് തിരുവനന്തപുരം ജില്ല സമർപ്പിച്ച 'ഹെൽത്തി ഹ്യൂസ്' എന്ന റിപ്പോർട്ട് ഒന്നാമതായി തിരഞ്ഞെടുക്കപ്പെട്ടത്. വിജയികൾക്കുള്ള സമ്മാനങ്ങൾ എൻ.എച്ച്.എം സ്റ്റേറ്റ് മിഷൻ ഓഫീസിൽ വച്ച് നടന്ന ജൂനിയർ കൺസൾട്ടണ്ട് (ഡോക്യൂമെന്റേഷൻ & കമ്മ്യൂണിക്കേഷൻ) മാർക്കുള്ള അവലോകന യോഗത്തിൽ വച്ച് സ്റ്റേറ്റ് മിഷൻ ഡയറക്ടർ ശ്രീ. ജീവൻ ബാബു ഐ.എ.എസ്. വിതണം ചെയ്തു. സാമ്പത്തിക വർഷത്തെ ഫണ്ടും അവയുപയോഗിച്ചു നടത്തിയ ബോധവത്കരണ പ്രവർത്തനങ്ങളുടെ സൂചിക വിവരണം എന്നിവയാണ് ഓരോ ജില്ലയും റിപ്പോർട്ടിൽ വിശദമായി ഉൾപ്പെടുത്തിയിട്ടുളളത്.







## പകർച്ചവ്യാധികളെ പ്രതിരോധിക്കാൻ പാണൻ ഇറങ്ങി



കാസറഗോഡ്: കേരള പൈതൃകത്തെ തുടികൊട്ടി പാടാൻ എത്തുന്ന പാണൻമാരുടെ ഉടുക്ക് കൊട്ടും താളവും ഇന്ന് അന്യമായെങ്കിലും കാസറഗോഡ് ജില്ലയിലെ കയ്യൂർ ഗ്രാമ ജനതയെ ഐശ്വര്യ സമൃദ്ധമായ ആരോഗ്യ തലത്തിലേക്ക് ഉയർത്തുന്നതിനായി കയ്യൂർ വയലുകളിൽ പാണൻ ഇറങ്ങി.

കയ്യൂർ ഗ്രാമത്തിലെ മഴപൊലിമ പരിപാടികളിൽ മഴക്കാല രോഗങ്ങളെ കുറിച്ച് തുടികൊട്ടി ഉയർത്തുന്നതിനായിട്ടാണ് പാണന്റെ വേഷം അണിഞ്ഞത്. തുടിയിൽ താളമിട്ട് വടക്കൻ ശീലിന്റെ ഈണത്തിൽ ചൊല്ലിയ ഉണർത്തു പാട്ടിൽ മുഴുവൻ മഴക്കാല രോഗങ്ങളെ കുറിച്ചുള്ള സന്ദേശങ്ങളായിരുന്നു. പുതിയ കാലത്ത് മനുഷ്യന്റെ ഐശ്വര്യത്തെ തകർക്കുന്ന പകർച്ചവ്യാധികളെ തടയുവാനും പ്രതിരോധിക്കുവാനും ജനങ്ങളെ ബോധവത്കരിക്കാനുമാണ് ഇത്തരത്തിലുള്ള പരിപാടിക്ക് തുടക്കം കുറിച്ചത്. സ്വയം ചികിത്സ ഒഴിവാക്കുക, ഡോക്ടർമാരുടെ സേവനം പ്രയോജനപ്പെടുത്തുക, പകർച്ചവ്യാധി പ്രതിരോധ മാർഗ്ഗങ്ങൾ അവലംബിക്കുക, പരിസര ശുചീകരണം, ഉറവിട നശീകരണം, മാലിന്യ സംസ്കരണം, എന്നീ വിഷയങ്ങളെ കുറിച്ചാണ് പാണൻ പാടി ജനങ്ങളെ ബോധവത്കരിച്ചത്.

കയ്യൂർ ചീമേനി ഗ്രാമപഞ്ചായത്തിന്റെ 2023-24 വാർഷിക പദ്ധതിയായ ആരോഗ്യ ജാഗ്രതയുടെ ഭാഗമായിട്ടാണ് ഈ ബോധവത്കരണ പരിപാടി സംഘടിപ്പിച്ചത്. കയ്യൂർ കുടുംബാരോഗ്യ കേന്ദ്രം ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ.രാജീവൻ കെ പാണനായി അഭിനയിച്ചത്. കുടുംബാരോഗ്യ കേന്ദ്രത്തിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ സജി പി ജോസഫ് എഴുതിയ വരികൾ ആലപിച്ചത് ജസ്റ്റിൻ ചിറ്റാരിക്കാൽ ആണ്. ജില്ലയിൽ വിവിധ മേഖലകളിൽ ഇത്തരത്തിൽ പാണന്റെ വേഷമണിഞ്ഞ് മഴക്കാല രോഗ പ്രതിരോധ സന്ദേശഗാനം പാടാനാണ് ആരോഗ്യവകുപ്പ് തയ്യാറെടുക്കുന്നത്.



# മിഷൻ ഇന്ദ്രധനുഷ് തീവ്രയജ്ഞം 5.0

തിരുവനന്തപുരം: സംസ്ഥാനത്തെ കുട്ടികളിലെ രോഗപ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിന്റെ ഭാഗമായി ഇന്ത്യയിലെ മുഴുവൻ സംസ്ഥാനങ്ങളിലും കേരളത്തിലെ എല്ലാ ജില്ലകളിലും മിഷൻ ഇന്ദ്രധനുഷ് നടപ്പിലാക്കുന്നു. കോവിഡ് കാരണം കുറേയധികം കുട്ടികളും ഗർഭിണികളും വാക്സിനെടുക്കാൻ വിട്ടു പോയിട്ടുണ്ട്. അങ്ങനെ എന്തെങ്കിലും കാരണത്താൽ വാക്സിനുകൾ എടുക്കുവാൻ വിട്ടുപോയിട്ടുള്ള കുട്ടികൾക്കും ഗർഭിണികൾക്കും വാക്സിനേഷൻ നൽകുവാനുള്ള പ്രത്യേക അവസരമാണ് മിഷൻ ഇന്ദ്രധനുഷ്.

വാക്സിൻ എടുക്കുവാൻ വിട്ടുപോയിട്ടുള്ള ഗർഭിണികൾക്കും 5 വയസ് വരെയുള്ള കുട്ടികൾക്കും വാക്സിൻ നൽകുക എന്നതാണ് പരിപാടിയുടെ ലക്ഷ്യം.

2023 ആഗസ്ത്, സെപ്തംബർ, ഒക്ടോബർ മാസങ്ങളിൽ മൂന്ന് ഘട്ടങ്ങളിലായാണ് മിഷൻ ഇന്ദ്രധനുഷ് തീവ്രയജ്ഞം 5.0 നടത്തുന്നത്. ഒന്നാം ഘട്ടം: 2023 ആഗസ്ത് 7 മുതൽ 12 വരെയും , രണ്ടാം ഘട്ടം: 2023 സെപ്തംബർ 11 മുതൽ 16 വരെയും ,മൂന്നാം ഘട്ടം: 2023 ഒക്ടോബർ 9 മുതൽ 14 വരെയുമാണ് മിഷൻ ഇന്ദ്രധനുഷ് നടത്തുന്നത്. ഓരോ ഘട്ടത്തിലും റുട്ടീൻ ഇമ്മ്യൂണൈസേഷൻ ദിവസം ഉൾപ്പെടെ 6 പ്രവൃത്തി ദിവസങ്ങളിലാണ് പരിപാടി നടത്തുന്നത്. ആശ പ്രവർത്തകർ ഭവന സന്ദർശനം നടത്തി വാക്സിൻ എടുക്കുവാൻ വിട്ടുപോയിട്ടുള്ള കുട്ടികളുടെയും ഗർഭിണികളുടെയും കണക്ക് ശേഖരിച്ചിട്ടുണ്ട്.

എല്ലാ സർക്കാർ ആരോഗ്യകേന്ദ്രങ്ങളിൽ നിന്നും ആശുപത്രികളിൽ നിന്നും ഗർഭിണികൾക്കും കുട്ടികൾക്കുമുള്ള വാക്സിനുകൾ സൗജന്യമായി ലഭിക്കും. പ്രതിരോധ വാക്സിനുകൾ കുഞ്ഞിന്റെ ജന്മാവകാശമാണ്. അവ കുഞ്ഞുങ്ങൾക്ക് ലഭ്യമാക്കുക എന്നത് രക്ഷാകർത്താക്കളുടെ ഉത്തരവാദിത്തവുമാണ്. പ്രായത്തിനനുസരിച്ച് വാക്സിനുകൾ യഥാസമയം നൽകുന്നതിലൂടെ വാക്സിൻ വഴി പ്രതിരോധിക്കാവുന്ന രോഗങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുവാനാകും. ഇതൊരു അവസരമായി കണ്ട് എല്ലാ കുട്ടികൾക്കും ഗർഭിണികൾക്കും വാക്സിൻ നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.




# മുലപ്പാൽ ബാങ്കിലൂടെ അമ്മിഞ്ഞപ്പാലിൻ മധുരം നുണഞ്ഞ് 4393 കുഞ്ഞുങ്ങൾ




കോഴിക്കോട്: മാതൃശിശു കേന്ദ്രത്തിൽ സ്ഥാപിച്ച മുലപ്പാൽ ബാങ്കിലൂടെ ഇതുവരെ അമ്മിഞ്ഞപ്പാലിൻ മധുരം നുണഞ്ഞത് 4393 കുഞ്ഞുങ്ങൾ. ജനിക്കുന്ന കുട്ടികൾക്ക് ഏറ്റവും പോഷകസമ്പുഷ്ടമായ പാൽ എത്തിക്കുകയും അത് വഴി ശിശുമരണങ്ങൾ കുറയ്ക്കുക എന്നീ ലക്ഷ്യത്തോടുകൂടിയാണ് മുലപ്പാൽ ബാങ്ക് ആരംഭിച്ചത്.

കുഞ്ഞുങ്ങളുടെ ആരോഗ്യ സംരക്ഷണത്തിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് മുലപ്പാൽ. ആദ്യ ഒരു മണിക്കൂറിൽ നവജാത ശിശുവിന് മുലപ്പാൽ നൽകേണ്ടതും ആദ്യ ആറ് മാസം മുലപ്പാൽ മാത്രം നൽകേണ്ടതും ഏറെ അത്യാവശ്യമാണ്. എന്നാൽ അമ്മയുടെ രോഗാവസ്ഥ കാരണമോ, മുലപ്പാൽ ഉല്പാദനക്കുറവുകൊണ്ടോ, പ്രസവാനന്തരം അമ്മയുടെ മരണം സംഭവിക്കുകയോ ചെയ്യുന്ന സാഹചര്യത്തിൽ അത്തരത്തിലുള്ള കുട്ടികൾക്ക് കൂടി മുലപ്പാൽ ഉറപ്പാക്കാനാണ് മുലപ്പാൽ ബാങ്ക് സജ്ജമാക്കിയത്. സർക്കാർ മെഡിക്കൽ കോളേജുകളിൽ ആദ്യത്തെ മുലപ്പാൽ ബാങ്കാണ് കോഴിക്കോട് മാതൃശിശു കേന്ദ്രത്തിൽ സ്ഥാപിച്ചത്.

നാഷണൽ ഹെൽത്ത് മിഷൻ അനുവദിച്ച ഫണ്ട് വിനിയോഗിച്ച് 2021 സെപ്തംബർ 17 നാണ് ഗവ. മെഡിക്കൽ കോളേജിലെ മാതൃ ശിശു സംരക്ഷണ കേന്ദ്രത്തിൽ മുലപ്പാൽ ബാങ്ക് (കോമ്പ്രിഹെൻസീവ് ലാക്ടേഷൻ മാനേജ്മെന്റ് സെന്റർ) പ്രവർത്തനം ആരംഭിച്ചത്. ഇന്ന് രണ്ടാം വാർഷികത്തോടടുക്കുമ്പോൾ 3484 ദാതാക്കളിൽ നിന്നും 317925 മില്ലി ലിറ്റർ പാൽ ശേഖരിക്കുകയും 294370 മില്ലി ലിറ്റർ പാൽ 4393 കുഞ്ഞുങ്ങൾക്ക് ഡോക്ടർമാരുടെ നിർദേശാനുസരണം വിതരണം ചെയ്യുകയും ചെയ്തു. ഇതിൽ കേരളത്തിൽ ആദ്യ ട്രാൻസ്ജെൻഡർ ദമ്പതികളുടെ കുഞ്ഞും ഉൾപ്പെടുന്നു. മുലപ്പാൽ ദാനത്തിന്റെ ആവശ്യകത മനസ്സിലാക്കി ദിനം പ്രതി അമ്മമാർ മുന്നോട്ടു വരുന്നതിനാലാണ് പദ്ധതി വിജയകരമായി മുന്നോട്ടുപോകാൻ സാധിക്കുന്നതെന്ന് ആരോഗ്യ കേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ. ഷാജി സി.കെ പറഞ്ഞു.

സ്വമേധയാ മുലപ്പാൽ ദാനം ചെയ്യാൻ എത്തുന്ന അമ്മമാർക്ക് ആവശ്യമായ പരിശോധനകൾ നടത്തി ആരോഗ്യ സ്ഥിതി വിലയിരുത്തി പ്രത്യേകം അണുവിമുക്തമാക്കിയ മുറിയിൽ ബ്രെസ്റ്റ് മിൽക്ക് പമ്പ് ഉപയോഗിച്ചാണ് മുലപ്പാൽ ശേഖരിക്കുന്നത്. ശേഖരിച്ച മുലപ്പാൽ പാസ്ചറൈസേഷനിലൂടെ അണുവിമുക്തമാക്കി മൈക്രോ ബയോളജിക്കൽ ടെസ്റ്റ് വഴി അണുവിമുക്തമായെന്ന് ഉറപ്പുവരുത്തി ഡീപ് ഫ്രീസറിൽ സൂക്ഷിക്കുന്നു. ഡോക്ടറുടെ നിർദ്ദേശ പ്രകാരം അർഹരായ നവജാത ശിശുക്കൾക്ക് ഇത്തരത്തിൽ ശേഖരിച്ച പാസ്റ്ററൈസിഡ് ഡോണർ ഹ്യൂമൻ മിൽക്ക് തീർത്തും സൗജന്യമായാണ് നൽകുന്നത്.

ആശുപത്രി സൂപ്രണ്ടിന്റെയും ശിശുരോഗ വിഭാഗത്തിലേയും നിയോ നാറ്റോളജി വിഭാഗത്തിലെയും തലവൻമാരായ ഡോക്ടർമാരുടെയും, നോഡൽ ഓഫീസറിന്റെയും നേതൃത്വത്തിലാണ് പ്രവർത്തനം. നിലവിൽ നഴ്സിംഗ് ഓഫീസർ ഇൻ ചാർജ്(1), കോർഡിനേറ്റർ(1), നഴ്സിംഗ് ഓഫീസർ(4), ജെ.പി എച്ച്എൻ(2) എന്നിവർ പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടു പോകുന്നു. പരിശീലനം കിട്ടിയ നേഴ്സ്മാർ പ്രസവാനന്തര വാർഡുകളിൽ അമ്മമാർക്ക് കൗൺസിലിങ്ങും ബോധവത്കരണവും നൽകുന്നു.

# ‘ഹൃദ്യ’ത്തിന് ഈ ഹൃദയങ്ങൾ മതി

> “1.8 ലക്ഷം രൂപ ചികിത്സയ്ക്കായി വന്നു. അന്ന് ആ സഹായം ലഭിച്ചില്ലായിരുന്നെങ്കിൽ വലിയ പ്രയാസമാകുമായിരുന്നു”

കൽപ്പറ്റ: ‘ഹൃദയത്തിൽ തൊട്ടാണ് പറയുന്നത്. ‘ഹൃദ്യം’ അത്രമേൽ വിലപ്പെട്ടതാണ്. ലഭിച്ച സഹായം മറക്കാനാവില്ല. ഹൃദ്യത്തിനെതിരെ വന്നവർക്ക് അതിന്റെ വിലയുമറിയില്ല’. മേപ്പാടി നെല്ലിമുണ്ട കോണാർക്കാട് സ്വദേശി ഷെഫീക്ക് ഇതു പറയുമ്പോൾ ആറു വയസ്സുകാരൻ മകൻ ആദിൽ ഇഷാൻ ചുറുചുറുക്കോടെ സമീപം ഓടിക്കളിക്കുന്നുണ്ട്. ‘ഹൃദ്യ’ത്തിലൂടെ പുതുജീവൻ ലഭിച്ച ബാല്യം.

‘മകന്റെ ഹൃദയത്തിൽ ജന്മനാ ചെറിയൊരു ദ്വാരമുണ്ടായിരുന്നു. അത് ക്രമേണ അടയുമെന്നായിരുന്നു ഡോക്ടർമാർ പറഞ്ഞത്. എന്നാൽ, രണ്ടുവർഷം മുമ്പ് അടിയന്തര ശസ്ത്രക്രിയ വേണമെന്ന് അറിയിച്ചു. ദ്വാരം വലുതാവുകയാണെന്നും ഇപ്പോൾ ശസ്ത്രക്രിയ ചെയ്തില്ലെങ്കിൽ ഭാവിയിൽ പ്രശ്നങ്ങൾക്ക് ഇടയാക്കുമെന്നും പറഞ്ഞു. എന്തുചെയ്യണമെന്ന് ഞങ്ങൾക്ക് അറിയില്ലായിരുന്നു. ഈ സമയത്താണ് ഹൃദ്യം എന്ന പദ്ധതിയെക്കുറിച്ച് അറിയുന്നത്. ഉടൻ റിപ്പോർട്ടുകൾ എല്ലാമെടുത്ത് കൽപ്പറ്റയിലെ ഓഫിസിൽ പോയി. കാര്യങ്ങൾ സംസാരിച്ചതോടെ നടപടികൾ വേഗത്തിലായി. ഏത് ആശുപത്രിയിലാണ് ചികിത്സ വേണ്ടതെന്ന് ഇങ്ങോട്ട് ചോദിക്കുകയായിരുന്നു. ഞങ്ങളുടെ താൽപര്യപ്രകാരം എറണാകുളം അമൃത തിരഞ്ഞെടുത്തു. അതിവേഗം ശസ്ത്രക്രിയ നടത്തി. 1.8 ലക്ഷം രൂപ ചികിത്സയ്ക്കായി വന്നു. അന്ന് ആ സഹായം ലഭിച്ചില്ലായിരുന്നെങ്കിൽ വലിയ പ്രയാസമാകുമായിരുന്നു’- ഷെഫീക്ക് അനുഭവം വിവരിച്ചു. തുടർചികിത്സയ്ക്കുള്ള നിർദേശങ്ങൾ ഇപ്പോഴും ലഭിക്കുന്നുണ്ട്. വാക്കുകൾക്കപ്പുറം ഹൃദയത്തിൽ തൊട്ടുള്ള ഈ അനുഭവസാക്ഷ്യമാണ് ഹൃദ്യത്തിന്റെ കരുത്ത്. ഷെഫീക്കിനെപ്പോലെ നൂറുകണക്കിന് രക്ഷിതാക്കളാണ് ഹൃദ്യത്തെ നെഞ്ചേറ്റുന്നത്.

2017 മുതൽ 2023 ജൂലൈ വരെ വയനാട്ടിൽ മാത്രം 1007 കുട്ടികളാണ് ഹൃദ്യം പദ്ധതിയിൽ രജിസ്റ്റർ ചെയ്തത്. ഇതിൽ 272 കുട്ടികൾക്ക് ശസ്ത്രക്രിയ നടത്തി. രോഗത്തിന്റെ സങ്കീർണതയനുസരിച്ചാണ് ശസ്ത്രക്രിയ തീരുമാനിക്കുക. എറണാകുളം അമൃത ആശുപത്രിക്ക് പുറമെ സ്വകാര്യ മേഖലയിൽ കോഴിക്കോട് മിംസ്, കൊച്ചി ലിസി, ആസ്റ്റർ മെഡിസിറ്റി, തിരുവല്ല ബിലിവേഴ്സ് ചർച്ച് ആശുപത്രി എന്നിവിടങ്ങളിലും ഹൃദ്യം പദ്ധതിയുടെ ഭാഗമായ ചികിത്സ നൽകിവരുന്നു. സർക്കാർ മേഖലയിൽ എസ്എടി തിരുവനന്തപുരം, കോട്ടയം മെഡിക്കൽ കോളജ് എന്നിവയും എംപാനൽ ചെയ്തിട്ടുണ്ട്. വയനാട്ടിലെ ഹൃദ്യം പദ്ധതിയുടെ വിശദാംശങ്ങൾ (വർഷം, രജിസ്റ്റർ ചെയ്ത കുട്ടികളുടെ എണ്ണം, ശസ്ത്രക്രിയ എന്നീ ക്രമത്തിൽ): 2017- 27, 09, 2018- 136, 28, 2019- 169, 37, 2020- 194, 32, 2021- 194, 57, 2022- 242, 78, 2023- 100, 31.




**പത്രാധിപ സമിതി**

ചീഫ് എഡിറ്റർ
**കെ ജീവൻ ബാബു ഐ എ എസ്**
സ്റ്റേറ്റ് മിഷൻ ഡയറക്ടർ, എൻ എച്ച് എം

എഡിറ്റർ
**കെ പി ശിനോഷ്**
സീനിയർ കൺസൾട്ടന്റ്, ബി സി സി

അസോ. എഡിറ്റേഴ്സ്
**ടി സ്മൃതി ലക്ഷ്മി**
കൺസൾട്ടന്റ് (ഡിഽസി), സ്റ്റേറ്റ് മിഷൻ ഓഫീസ്
**കെ കെ ഷൈജിൽ**
ജെ സി(ഡിഽസി), സ്റ്റേറ്റ് മിഷൻ ഓഫീസ്

അംഗങ്ങൾ
**വർഷ ജയപ്രകാശ്**
ജെ സി (ഡിഽസി), തിരുവനന്തപുരം
**വിനീഷ് സി ആർ**
കൺസൾട്ടന്റ് (ഡിഽസി), കോട്ടയം
**ഡാനി പ്രിയൻ**
കൺസൾട്ടന്റ്(ഡിഽസി), തൃശൂർ
**ജിജിൽ മാത്യു**
കൺസൾട്ടന്റ്(ഡിഽസി), ഇടുക്കി
**വിനു എ**
കൺസൾട്ടന്റ്(ഡിഽസി), എറണാകുളം
**പ്രീത എം**
ജെ സി(ഡിഽസി), പാലക്കാട്
**ദിവ്യ ഇ ആർ**
ജെ സി(ഡിഽസി), മലപ്പുറം
**ദിവ്യ**
കൺസൾട്ടന്റ്(ഡിഽസി), കോഴിക്കോട്
**നിജിൽ**
ജെ സി (ഡിഽസി), വയനാട്
**ബിൻസി രവീന്ദ്രൻ**
ജെ സി (ഡിഽസി),കണ്ണൂർ
**കമൽ കെ ജോസ്**
ജെ സി (ഡിഽസി), കാസർഗോഡ്
**ഷീബ ആർ ദാസ്**
ക്ലർക്ക്, ഡി ഇ ഒ സ്റ്റേറ്റ് മിഷൻ ഓഫീസ്